കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2022 മാർച്ച്
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





വായനശാല
(കഥ)
**സക്കറിയ**
വില ₹40




പൂച്ചക്കുട്ടികളുടെ വീട്
(കഥ)
**ടി പത്മനാഭൻ**
വില ₹60



ഉണ്ടക്കണ്ണന്റെ കാഴ്ചകൾ
(കഥകൾ)
**കെ വി മോഹൻകുമാർ**
വില ₹90




ഓലപ്പൂക്കൾ
(കവിത) **വിനോദ് വൈശാഖി**
വില ₹80




നല്ല സമരിയാക്കാരനും മറ്റു കഥകളും
(കഥ)
പുനരാഖ്യാനം: **എൻ എസ് ഐസക്**
വില ₹50





സത്യം വിചിത്രം
(ശാസ്ത്രം)
**പള്ളിയറ ശ്രീധരൻ**
വില ₹70




ജന്തു വിശേഷം
(വൈജ്ഞാനികം)
**ഷിലിൻ വി എസ്**
വില ₹70




രാവണായനം
(പുനരാഖ്യാനം)
**പ്രൊഫ. പി രാമചന്ദ്രമേനോൻ**
വില ₹190.00




ചന്ദ്രുവിന്റെ യാത്ര
(നോവൽ)
**ഡോ. എ വി രഘു**
വില ₹70




ചിമ്മിനിവെട്ടം
(കവിത)
**മനോജ് മണിയൂർ**
വില ₹60



ഞാൻ സഹ്യപുത്രൻ
(നോവൽ)
**ഡോ. ഷീജാകുമാരി കൊടുവഴന്നൂർ**
വില ₹120.00

**കൂടുതൽ പുസ്തകങ്ങൾക്ക്** **website : www.ksicl.org**

**കോപ്പികൾക്ക്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**മാർച്ച് 2022**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

## ഉള്ളടക്കം

## കരിനാക്കൻ

**ഡോ. കെ ശ്രീകുമാർ**

06

ജനിച്ചുവീണപ്പോഴേയുണ്ട് കുട്ടിയുടെ കുഞ്ഞുനാവിന്റെ നടുക്കായി നീളത്തിലൊരു കറുത്തപാട്. കരിനാക്കാണ്. അവൻ പറയുന്നതെല്ലാം അച്ചട്ടം ഫലിക്കുമെന്ന് ജാതകമെഴുതിയ ജ്യോത്സ്യൻ പറഞ്ഞു. വേണുക്കുട്ടൻ എന്ന വിളിപ്പേരിൽ അച്ഛനും അമ്മയും അവനെ വിളിച്ചെങ്കിലും 'കരിനാക്കൻ' എന്ന പേരിനാണ് പ്രശസ്തി കിട്ടിയത്. രസകരമായ ഈ കഥ വായിക്കൂ...



## ജാതി

**സച്ചിദാനന്ദൻ**

09



എൻ ജാതിയെന്തെന്നു
ചോദിച്ചു വന്നെത്തി
എൻ മകൾ സ്കൂൾ വിട്ടു
വന്ന പാടേ.


ആരോ തിരക്കിയ
താ,ണവൾക്കെന്താണ്
ജാതി, മതം, അറി
വില്ല തെല്ലും.

## ഭൂഗർഭജലം - അദൃശ്യമായതിനെ ദൃശ്യമാക്കാൻ ആവുമോ?

**എസ് ശാന്തി**

10

ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പരിരക്ഷണത്തെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കാൻ വേണ്ടിയാണ് എല്ലാ വർഷവും മാർച്ച് 22 ലോക ജല ദിനമായി ആചരിക്കുന്നത്. ഈ വർഷത്തെ മുദ്രാവാക്യം 'ഭൂഗർഭജലം –അദൃശ്യമായതിനെ ദൃശ്യമാക്കുക'എന്നതാണ്.




**കുഞ്ഞാത്തോല്**..........08
റെജി മലയാലപ്പുഴ

**ഒമിക്രോൺ ജാഗ്രത തുടരണം**...16
ഡോ. ബി പത്മകുമാർ

**ലതാജിയെ ഓർക്കുമ്പോൾ**........18
പ്രദീപ് സോമസുന്ദരൻ

**ഭാരതത്തിന്റെ വാനമ്പാടിക്ക് വിട**..........21
പള്ളിയറ ശ്രീധരൻ

**കുഞ്ഞുസ്വപ്നം**..........21
ജെ ആർ കുറുപ്പ് ഏറ്റുമാനൂർ

**പാഠങ്ങൾക്കപ്പുറം**..........22
വി ഹശ്ഹാശ് കണ്ണൂർ സിറ്റി

**നമ്മമലയാളം**..........25
ഹരിദാസ് സാരംഗി

**പനയോലക്കുടിലിന്റെ മഹത്ത്വം**...26
സിപ്പി പള്ളിപ്പുറം

**കണക്കുകൂട്ടൽ**..........28
എം കൃഷ്ണദാസ്

**കുഞ്ഞോമനകൾ**..........29
ഒ കെ ശൈലജ

**പായുന്ന കടൽക്കുതിരകൾ**......30
വി യു രാധാകൃഷ്ണൻ

**ഗ്രാമവും പട്ടണവും**..........34
സുനിൽരാജ് സത്യ

**പൂത്തുമ്പിയോട്**..........35
അമൃത കേളകം

**ജയപരാജയങ്ങളും സ്പോർട്സ്മാൻ സ്പിരിറ്റും**......36
ഡോ. അജീഷ് പി ടി

**പുലരിയെത്തുമ്പോൾ**..........38
വിശ്വനാഥൻ വടയം

**ആദ്യാക്ഷരം**..........39
റസിയ

**ലോക്ഡൗൺ**..........40
പ്രൊഫ. ബാബു കോശി

**ഇളംതളിര്**..........42
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**..........47



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ദേവപ്രകാശ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org,**
**director@ksicl.org**

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

എഡിറ്റോറിയൽ

പ്രിയപ്പെട്ട കുട്ടികളേ,

അങ്ങനെ ഈ കോവിഡ്കാലത്ത് ഒരു അധ്യയന വർഷം കൂടി അതിന്റെ പരിസമാപ്തിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. മാർച്ച് – ഏപ്രിൽ മാസം പരീക്ഷാക്കാലമാണല്ലോ. പരീക്ഷയുടെ തയ്യാറെടുപ്പുകൾ തുടങ്ങിയോ കൂട്ടുകാർ? ചിട്ടയായ തയ്യാറെടുപ്പോടെ പരീക്ഷയെ അഭിമുഖീകരിച്ചാൽ അത് മധുരമായ ഒരു അനുഭവമാക്കി മാറ്റാം.

പാഠഭാഗങ്ങൾ എളുപ്പത്തിൽ പഠിക്കാനും ഓർമ നിലനിർത്താനും ചില വിദ്യകളുണ്ട്. കൃത്യമായി ഒരു ടൈംടേബിൾ ഉണ്ടാക്കി പഠിക്കുക എന്നതാണ് അതിൽ ഒന്നാമത്തേത്. പഠിക്കുമ്പോൾ വ്യത്യസ്തമായ പാഠഭാഗങ്ങൾ ഇടകലർത്തി പഠിക്കുന്നത് മടുപ്പ് ഒഴിവാക്കാൻ സഹായിക്കും. കഠിനമായ വിഷയങ്ങൾ കുറച്ചുനേരം പഠിച്ചതിനുശേഷം എളുപ്പമുള്ള വിഷയങ്ങൾ ഇടയ്ക്കു പഠിക്കുകയാണെങ്കിൽ വിരസത ഒഴിവാക്കാം, മനസ്സിന്





ഉന്മേഷവും ലഭിക്കും. പഠിക്കുമ്പോൾ കുറിപ്പുകൾ എഴുതി ശീലിക്കുന്നതു നല്ലതാണ്. പരീക്ഷയ്ക്കു പോകുന്നതിനു മുൻപ് ഇത്തരത്തിൽ തയ്യാറാക്കിയ കുറിപ്പ് ഒരു പ്രാവശ്യം വായിച്ചുനോക്കുമ്പോൾ പഠിച്ച കാര്യങ്ങൾ പെട്ടെന്ന് ഓർമ യിലെത്തുകയും ചെയ്യും.

പരീക്ഷയ്ക്കു തയ്യാറെടുക്കുന്ന ഒരു കുട്ടി കൃത്യസമ യത്ത് ഉറങ്ങേണ്ടതും ഉണരേണ്ടതും അത്യാവശ്യമാണ്. പരീക്ഷാസമയത്ത് കൂടുതൽ ഉറക്കമിളച്ച് പഠിക്കേണ്ട ആവശ്യമില്ല. അത് നിങ്ങളെ കൂടുതൽ ക്ഷീണിതരാക്കും.

നല്ല ഉറക്കം പോലെ പ്രധാനമാണ് പോഷകസമൃദ്ധമായ ഭക്ഷണം സമയത്ത് കഴിക്കുക എന്നതും. ധാരാളം വെള്ളം കുടിക്കാനും മറക്കരുത്.

ഓർക്കുക, പരീക്ഷയെക്കുറിച്ചുള്ള ഭയവും ഉത്കണ്ഠയും പഠനത്തെ മാത്രമല്ല ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കും. ഇവയെല്ലാം ഒഴിവാക്കി ആത്മവിശ്വാസത്തോടു കൂടി പരീക്ഷയെഴുതുവാൻ കൂട്ടുകാർക്കെല്ലാം കഴിയട്ടെ. എല്ലാവർക്കും വിജയാശംസകൾ.

സ്നേഹത്തോടെ,
**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**പരീക്ഷയ്ക്കു തയ്യാറെടുക്കുന്ന ഒരു കുട്ടി കൃത്യസമയത്ത് ഉറങ്ങേണ്ടതും ഉണരേണ്ടതും അത്യാവശ്യമാണ്. പരീക്ഷാ സമയത്ത് കൂടുതൽ ഉറക്ക മിളച്ച് പഠിക്കേണ്ട ആവശ്യമില്ല. അത് നിങ്ങളെ കൂടുതൽ ക്ഷീണിതരാക്കും. നല്ല ഉറക്കം പോലെ പ്രധാനമാണ് പോഷക സമൃദ്ധമായ ഭക്ഷണം സമയത്ത് കഴിക്കുക എന്നതും. ധാരാളം വെള്ളം കുടിക്കാനും മറക്കരുത്.**





**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ തളിര് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് സ്പോൺസർ ഷിപ്പ് മുഖേന രജിസ്റ്റർ ചെയ്യിക്കാനുള്ള 1,80,000 രൂപയുടെ ഡി ഡി കനറാബാങ്ക് ഡിവിഷണൽ മാനേജർ ശ്രീ സഞ്ജു ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറുന്നു.**

# കരിനാക്കൻ

ഡോ. കെ ശ്രീകുമാർ



ജനിച്ചുവീണപ്പോഴേയുണ്ട് കുട്ടിയുടെ കുഞ്ഞുനാവിന്റെ നടുക്കായി നീളത്തിലൊരു കറുത്തപാട്.

കരിനാക്കാണ്. അവൻ പറയുന്നതെല്ലാം അച്ചട്ടം ഫലിക്കുമെന്ന് ജാതകമെഴുതിയ

ജ്യോത്സ്യൻ പറഞ്ഞു. വേണുഗോപാലെന്നു പേരിട്ട്, വേണുക്കുട്ടൻ എന്ന വിളിപ്പേരിൽ അച്ഛനും അമ്മയും അവനെ വിളിച്ചെങ്കിലും 'കരിനാക്കൻ' എന്ന പേരിനാണ് പ്രശസ്തി കിട്ടിയത്. ബന്ധുക്കളും അയൽക്കാരും കൂട്ടുകാരുമെല്ലാം ഒളിഞ്ഞും തെളിഞ്ഞും ആ പേരുതന്നെ വിളിച്ചു.

സത്യത്തിൽ അവനാ വിളി ഒട്ടും ഇഷ്ടമായിരുന്നില്ല. എന്നാൽ തന്നെയങ്ങനെ വിളിക്കണ്ട എന്നു തീർത്തുപറയാനുള്ള ധൈര്യം അവനുണ്ടായതുമില്ല. അവന്റെ കരിനാക്കിന് പ്രചാരം കിട്ടാൻ തക്ക ചില സംഭവങ്ങൾ ഉണ്ടാവുകയും ചെയ്തു.

കൂട്ടുകാരന്റെ വീട്ടിൽ സന്ദർശനത്തിനു ചെന്നപ്പോൾ വേണുവിന് കൂട്ടുകാരന്റെ അമ്മ നൽകിയത് വീട്ടുമുറ്റത്തെ വരിക്കപ്ലാവിന്റെ ചക്കച്ചുളയാണ്. നല്ല തേൻമധുരമുള്ള വരിക്കച്ചുള ആസ്വദിച്ചു തിന്നുകൊണ്ട് അവൻ പറഞ്ഞു:

''ഹോ! എന്താ വരിക്കച്ചക്കപ്പഴത്തിന്റെയൊരു സ്വാദ്!''

അതുകേട്ട് അമ്മയുടെ മുഖം വാടിയത് വേണുക്കുട്ടൻ ശ്രദ്ധിച്ചില്ല. എന്തായാലും അന്നുരാത്രി ഒരു കാരണവുമില്ലാതെ മുറ്റത്തെ വരിക്കപ്ലാവ് കടപുഴകി വീണു! കേട്ടവർ കേട്ടവർ അവന്റെ കരിനാക്കിനെ പ്രാകി.

മറ്റൊരിക്കൽ അയൽക്കാരന്റെ പുള്ളിപ്പശു പ്രസവിച്ചതറിഞ്ഞ് അവൻ അമ്മയോടൊപ്പം കിടാവിനെ കാണാൻ പോയി. വെള്ളയും കാവി നിറത്തിലുമുള്ള പുള്ളിക്കുത്തുകളോടെ, മണിയും കിലുക്കി പുള്ളിപ്പശുവിനു ചുറ്റും തുള്ളിത്തുള്ളി നടക്കുന്ന പശുക്കിടാവിനെ അവനേറെ ഇഷ്ടപ്പെട്ടു. അതിന്റെ നെറ്റിയിലെ വെള്ളപ്പാണ്ടിൽ സ്നേഹത്തോടെ തലോടി വേണുക്കുട്ടൻ പറഞ്ഞത് അല്പം ഉറക്കെയായിപ്പോയി.

''എന്തൊരു സുന്ദരക്കുട്ടപ്പനാ ഇവൻ!''

അതും ഫലിച്ചു. പശുക്കിടാവ് രണ്ടു നാൾക്കകം എന്തോ അസുഖം ബാധിച്ച് കിടപ്പിലായി. ഭക്ഷണമോ വെള്ളമോ കഴിക്കാതെ ഒരേ കിടപ്പുകിടന്ന് നാലാം ദിവസം കിടാവ് ചത്തു!

അതിന്റെ പഴിയും കരിനാക്കനായി! അതിൽപ്പിന്നെ വേണുക്കുട്ടനെ അയൽക്കാരാരും അടുപ്പിക്കാതായി. ഗൃഹസന്ദർശനങ്ങളിൽനിന്നും ചടങ്ങുകളിൽനിന്നും മംഗളകർമങ്ങളിൽ നിന്നുമൊക്കെ അവനെ മനഃപൂർവം അകറ്റിനിർത്തി. വിവാഹത്തിനും മറ്റും ക്ഷണിക്കാനെത്തുന്നവർ ക്ഷണമെല്ലാം കഴിഞ്ഞ് അവൻ കേൾക്കാതെ ശബ്ദം താഴ്ത്തി അമ്മയോടു പറഞ്ഞു:

''കരിനാക്കുള്ളതല്ലേ, മോനെ കൊണ്ടരണ്ടാട്ടോ.''

അവനാകെ വിഷമത്തിലായി. വീട്ടിൽ എപ്പോഴുമെന്നപോലെ ചർച്ച അവന്റെ കരിനാക്കിനെക്കുറിച്ചായി. സ്കൂളിലെത്തിയാലോ, കൂട്ടുകാരും അല്ലാത്തവരും 'കരിനാക്കനെ'ന്നല്ലാതെ വിളിക്കില്ല.

വേണുക്കുട്ടന് തന്നോടുതന്നെ പുച്ഛം തോന്നി.

നാവിലൊരു കറുത്തപാടു വന്നതിന് താനെന്തു പിഴച്ചു? കരിനാക്കൊന്നു പോയിക്കിട്ടാൻ എന്തെങ്കിലും വഴിയുണ്ടോ എന്നായി അവന്റെ അടുത്ത ആലോചന.

സ്റ്റീലിന്റെ ടങ് ക്ലീനറെടുത്ത് അമർത്തി നാക്കു വടിച്ചുനോക്കി. കരിനാക്ക് കൂടുതൽ തെളിഞ്ഞതല്ലാതെ മറ്റൊരു ഫലവുമുണ്ടായില്ല. അടുത്തത് ഒന്നുകൂടി കടന്ന കയ്യായിരുന്നു. അച്ഛന്റെ ഷേവിങ് സെറ്റിൽ പുതിയ ബ്ലേഡിട്ട് അതുകൊണ്ട് നാവിന്റെ നടുവിൽ ഒറ്റവലി!

**സ്റ്റീലിന്റെ ടങ് ക്ലീനറെടുത്ത് അമർത്തി നാക്കു വടിച്ചുനോക്കി. കരിനാക്ക് കൂടുതൽ തെളിഞ്ഞതല്ലാതെ മറ്റൊരു ഫലവുമുണ്ടായില്ല. അടുത്തത് ഒന്നുകൂടി കടന്ന കയ്യായിരുന്നു. അച്ഛന്റെ ഷേവിങ് സെറ്റിൽ പുതിയ ബ്ലേഡിട്ട് അതുകൊണ്ട് നാവിന്റെ നടുവിൽ ഒറ്റവലി!**

നാവുമുറിഞ്ഞ് ചോര കുതിച്ചൊഴുകി. വേദനകൊണ്ട് അവൻ ഉറക്കെ നിലവിളിച്ചു. അതുകേട്ട് ഓടിയെത്തിയ അച്ഛൻ പരിഭ്രമത്തോടെ ചോദിച്ചു: ''നിനക്കിത് എന്തിന്റെ കേടാ മോനേ?''

''എനിക്ക് കരിനാക്കനാവണ്ട!''

വേണുക്കുട്ടൻ കരച്ചിലിനിടയിൽ പറഞ്ഞു.

അച്ഛൻ അവനെയും കൊണ്ട്



വര: ആദിത്യൻ ജെ സജി

സ്കൂട്ടറിൽ അടുത്തുള്ള ആശുപത്രിയിലെത്തി. നാവിലെ മുറിവിൽ മരുന്നു വെപ്പിച്ച് തിരിച്ചുവന്നു. അവനപ്പോഴും നന്നായി നീറുന്നുണ്ടായിരുന്നു. അതുകണ്ട് അമ്മയുടെ കണ്ണു നിറഞ്ഞു. അവനെ തന്നോടു ചേർത്തുനിർത്തി നെറുകയിൽ തലോടി അമ്മ പറഞ്ഞു:

''മോനേ, തലേലെഴുത്തു പോലെ തന്ന്യാ കരിനാക്കും. ജാത്യാലുള്ളതു തൂത്താൽ പ്പോവില്ല.''

''വേണ്ട, എനിക്കു കരിനാക്കു വേണ്ട!''

വേണുക്കുട്ടൻ ആവർത്തിച്ചു.

ഇങ്ങനെ എല്ലാവരാലും ഒറ്റപ്പെടുത്തിയുള്ള ജീവിതം തനിക്കുവേണ്ട. അതിലും ഭേദം മരിക്കുന്നതാണ്. താൻ മരിച്ചാൽ അച്ഛനും അമ്മയ്ക്കും കുറച്ചു വിഷമം തോന്നും. അതൊക്കെ വേഗം മാറിക്കൊള്ളും. വേറാരും തന്നെക്കുറിച്ചോർത്ത് വിഷമിക്കില്ലെന്നു തീർച്ച.

പെട്ടെന്ന് വേണുക്കുട്ടന്റെ മുഖം തെളിഞ്ഞു. അവൻ സ്വയം പറഞ്ഞു:

''ഞാൻ എന്തു പറഞ്ഞാലും അതുടനെ ഫലിക്കുമല്ലോ. എങ്കിൽപ്പിന്നെ ഈ ദുരിതകാലത്തിൽനിന്നു രക്ഷപ്പെടാൻ എനിക്കാരുടെയും സഹായം വേണ്ട.'' അവൻ ഉറക്കെ വിളിച്ചുപറഞ്ഞു:

''ഈ നിമിഷം തന്നെ എന്റെ തല നൂറു കഷ്ണങ്ങളായി പൊട്ടിത്തെറിക്കട്ടെ! കരിനാക്കും അതോടൊപ്പം ചിതറിപ്പോകട്ടെ!''

എന്നാൽ വിചാരിച്ചതുപോലെ യാതൊന്നും സംഭവിച്ചില്ല. അവൻ കൈകൊണ്ട് തല തപ്പിനോക്കി. അത് അവിടെത്തന്നെയുണ്ട്. എങ്കിൽ തന്റെ കരിനാക്ക് ഫലിച്ചിട്ടില്ലെന്നർഥം.

''എന്റെ നാക്ക് കരിനാക്കല്ലേ!''

വേണുക്കുട്ടൻ സന്തോഷത്തോടെ വിളിച്ചുകൂവി. എന്നിട്ടും തൃപ്തിയാവാതെ അവൻ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

''മുറ്റത്തെ നേന്ത്രവാഴ നടുക്കുവെച്ച് ഒടിഞ്ഞുവീഴട്ടെ!

മൂവാണ്ടൻ മാവ് കടപുഴകി വീഴട്ടെ!

കാലിത്തൊഴുത്തിന്റെ ഓടെല്ലാം പറന്നുപോവട്ടെ!''

അതൊന്നും നടന്നില്ല. ഒരു പ്രത്യേകതരം ഊർജം അവന്റെ മനസ്സിലേക്ക് ഒഴുകിയെത്തി.

വീണ്ടും അവൻ സ്വന്തം ജീവിതത്തെ ഇഷ്ടപ്പെടാൻ തുടങ്ങി.



കുട്ടിക്കവിത

# കുഞ്ഞാത്തോല്

റെജി മലയാലപ്പുഴ


വര: സചീന്ദ്രൻ കാറഡുക്ക

വേനല് വന്നു കടുത്തല്ലോ
കാടും മേടും വരണ്ടല്ലോ
കുഞ്ഞാത്തോലിൻ മുറ്റത്തൊത്തിരി
കിളികൾ 'കിലു കില' പാറൂലോ
കുഞ്ഞാത്തോലൊരു കിണ്ണം വെള്ളം
മുറ്റത്തരികിൽ വച്ചല്ലോ
അണ്ണാൻ, കിളികളുറുമ്പവരൊത്ത്
ദാഹം തീർക്കാൻ വരുമല്ലോ!
ദാഹം തീർത്തു മടങ്ങും മുന്നേ
പലഹാരങ്ങൾ വിതറൂലോ
പലഹാരങ്ങളകത്താക്കീട്ട്
പലവഴി കൂട്ടർ പോകൂലോ..

കുഞ്ഞാത്തോലൊരു കുഞ്ഞാണേലും
സ്നേഹമനസ്സ് വലുതാണേ...

# ജാതി

സച്ചിദാനന്ദൻ

എൻ ജാതിയെന്തെന്നു
ചോദിച്ചു വന്നെത്തി
എൻ മകൾ സ്കൂൾ വിട്ടു
വന്ന പാടേ.

ആരോ തിരക്കിയ
താ,ണവൾക്കെന്താണ്
ജാതി, മതം, അറി
വില്ല തെല്ലും.

ചൊല്ലി ഞാൻ, ''നമ്മൾ
മനുഷ്യർ, ഒരേ ജാതി,
വെവ്വേറെയാം നിറം,
ഭാഷ, ദേശം

എന്നാലും നമ്മുടെ
സ്വപ്നങ്ങൾ, സൗഖ്യങ്ങൾ
സങ്കടം- ഒക്കെയും
ഒന്നു തന്നെ.

നമ്മുടെയമ്മ
പ്രകൃതി, ഊട്ടും നമ്മെ,
നമ്മളെത്താരാട്ടും
കാറ്റു കൊണ്ടേ.

നമ്മെ മഴയിൽ
കുളിപ്പിച്ചമൃതൂട്ടും
നല്ല പഴങ്ങളാൽ,
പാൽ ചുരത്തും

ഇപ്രപഞ്ചത്തിൻ
രഹസ്യം തിരക്കുവാൻ
കോപ്പു നാം കൂട്ടുന്ന
തൊന്നു പോലെ.

നമ്മൾ ജനിച്ചു
മരിപ്പതൊരു പോലെ,
നമ്മളീ ഭൂവിന്നു
കാവൽ നിൽപ്പോർ.

നൽകണം നാളത്തെ
കുഞ്ഞുങ്ങൾക്കീ ഗ്രഹം
കൂടുതൽ നന്നായി,
പച്ചയായി.

നീയും വളരൂ
മനുഷ്യനായ്, നല്ക നിൻ
സ്നേഹം, കരുണ, നിൻ
മൈത്രി, എല്ലാം

കൂടപ്പിറപ്പാം
മനുഷ്യർക്ക്, പോരല്ലോ,
ജീവജാലങ്ങൾ
സകലതിന്നും

അങ്ങിനെയല്ലോ
മനുഷ്യരാകുന്നു നാം
അങ്ങിനെ നമ്മുടെ
ജാതി ഒന്നായ്.''



വര: സുധീർ പി വൈ

# ഭൂഗർഭജലം - അദൃശ്യമായതിനെ ദൃശ്യമാക്കാൻ ആവുമോ?

എസ് ശാന്തി

**ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പരിരക്ഷണത്തെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കാൻ വേണ്ടിയാണ് എല്ലാ വർഷവും മാർച്ച് 22 ലോക ജലദിനമായി ആചരിക്കുന്നത്. ഈ വർഷത്തെ മുദ്രാവാക്യം 'ഭൂഗർഭജലം - അദൃശ്യമായതിനെ ദൃശ്യമാക്കുക' എന്നതാണ്.**



ലോക ജലദിനം മാർച്ച് 22, 2022

1993 മുതലാണ് എല്ലാ വർഷവും മാർച്ച് 22 ലോക ജലദിനമായി ആചരിക്കാൻ തുടങ്ങിയത്. ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പരിരക്ഷണത്തെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കാൻ വേണ്ടിയാണ് ഈ ദിനാചരണം. എല്ലാ വർഷവും ഈ ദിനത്തിന് ഒരു പ്രത്യേക വിഷയം മുദ്രാവാക്യമായി ഉണ്ടാവും. ഈ വർഷത്തെ മുദ്രാവാക്യം 'ഭൂഗർഭജലം - അദൃശ്യമായതിനെ ദൃശ്യമാക്കുക' എന്നതാണ്.



## 'അദൃശ്യമായതിനെ ദൃശ്യമാക്കുക'

❖ ഭൂഗർഭജലം നമുക്കെല്ലാവർക്കും അദൃശ്യവും അജ്ഞാതവുമാണ്. പക്ഷേ അതിന്റെ സ്വാധീനം എല്ലായിടത്തും നമുക്കു കാണാൻ കഴിയും.

❖ നമ്മുടെ കണ്ണിൽപ്പെടാതെ, നമ്മുടെ കാൽക്കീഴിൽ, നമ്മുടെ ജീവിതത്തെ സമ്പന്നമാക്കുന്ന ഭൂഗർഭജലം ഒളിഞ്ഞുകിടക്കുന്നു.

❖ ദ്രാവകരൂപത്തിലുള്ള ഭൂമിയിലെ ജലത്തിന്റെ ഭൂരിപക്ഷവും ഭൂഗർഭജലമാണ്.

❖ ആഗോളകാലാവസ്ഥാമാറ്റം കൂടുതൽ രൂക്ഷമാവുമ്പോൾ ഭൂഗർഭജലത്തിന്റെ മൂല്യം കൂടുതൽ കൂടുതൽ നിർണ്ണായകമാകും.

❖ അമൂല്യവും ഉത്കൃഷ്ടവും ആയ ഈ വിഭവത്തെ പരിരക്ഷിക്കാനും സൂക്ഷിച്ചുപയോഗിക്കാനും ലോകജനത ഒത്തൊരുമിച്ചു പ്രവർത്തിച്ചേ തീരൂ.

❖ ഭൂഗർഭജലം കണ്ണിൽപ്പെടുന്നുണ്ടാവില്ലായിരിക്കാം, പക്ഷേ അതൊരിക്കലും മനസ്സിൽനിന്ന് അപ്രത്യക്ഷമാവാൻ പാടില്ല. ഇതാണ് ഈ വർഷത്തെ ലോക ജലദിനം നമ്മെ ഓർമിപ്പിക്കുന്നത്.

ലോകത്തെ 790 കോടി മനുഷ്യരിൽ 220 കോടി മനുഷ്യർ ശുദ്ധവും സുരക്ഷിതവുമായ ജലം ലഭിക്കാത്ത സാഹചര്യങ്ങളിൽ ജീവിക്കുന്നവരാണ്. ഈ ജലപ്രതിസന്ധി പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഭരണകൂടങ്ങളെ ആഹ്വാനം ചെയ്യുന്ന ഒരു ദിനവും കൂടിയാണ് ലോക ജലദിനം.

2030 ആവുമ്പോഴേക്കും എല്ലാ ജനങ്ങൾക്കും ജലവും ശുചിത്വവും ലഭ്യമാക്കുക എന്നതാണ് ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസനലക്ഷ്യം - 6 എന്ന തീരുമാനം.





## ഭൂമി ഒരു നീല ജലഗ്രഹം

ഭൂമിയിൽ ആകെ 140 കോടി (1.4 Billion) ക്യൂബിക് കിലോമീറ്റർ ജലമാണുള്ളത്. (ഒരു ക്യൂബിക് മീറ്റർ എന്നാൽ ഒരു ടൺ അല്ലെങ്കിൽ ആയിരം ലിറ്റർ)

ഈ ജലത്തിന്റെ 97 ശതമാനത്തിലധികം കടൽവെള്ളമാണ്.

ബാക്കിയുള്ള 3 ശതമാനം ശുദ്ധജലത്തിന്റെ മൂന്നിൽ രണ്ടും ഹിമാനികളിലും കട്ടിമഞ്ഞിലും ഉറഞ്ഞുകിടക്കുകയാണ്. മൂന്നിൽ ഒരു ഭാഗമേ ദ്രാവകരൂപത്തിൽ ഉള്ളൂ.

ഈ മൂന്നിൽ ഒന്ന് ശുദ്ധജലത്തിന്റെ ബഹുഭൂരിപക്ഷവും പാറകളുടെ വിള്ളലുകളിലും ഭൂഗർഭത്തിലും ആണ് സംഭരിക്കപ്പെട്ടിട്ടുള്ളത്. ഈ ഭൂഗർഭജലാശയങ്ങളെ Aquifer അഥവാ വെള്ളത്തെ ഉൾക്കൊള്ളുവാനും അതിനു ചലിക്കുവാനും ഇടംനൽകുന്ന പാറക്കെട്ടുകൾ എന്നാണു പറയുക. ഈ ജലം നമുക്ക് എത്തിപ്പെടാൻ കഴിയാത്തത്ര ആഴത്തിലാണ്. ഒരുപക്ഷേ നമുക്ക് കുടിക്കാൻ കൊള്ളാത്തതും ആയിരിക്കും.

ദ്രാവകരൂപത്തിൽ ബാക്കിയുള്ള ശുദ്ധജലമാണ് നമുക്ക് ഉപയോഗിക്കാൻ കഴിയുന്നത്. ആ ജലം വാസ്തവത്തിൽ ഭൂമിയിലാകെയുള്ള ജലത്തിന്റെ ഒരു ശതമാനത്തിന്റെ നൂറിലൊന്നേ വരൂ.

പക്ഷേ ചൂഷണം ചെയ്യാതെയും പാഴാക്കാതെയും മലിനീകരിക്കാതെയും സൂക്ഷിച്ചുപയോഗിച്ചാൽ ഈ വെള്ളം നമുക്കും ജീവജാലങ്ങൾക്കും നിലനിൽക്കാൻ ധാരാളം മതി.


## ജലചക്രം (Water Cycle)

ലോകത്തെ ജലമെല്ലാം നിതാന്തമായ ചലനത്തിലാണ്. മണ്ണിലൂടെയും പ്രാചീന ഭൂഗർഭ പാറപ്പാളികളിലൂടെയും പുഴകളിലൂടെയും സമുദ്രജലപ്രവാഹങ്ങളിലൂടെയും ജലം ഒഴുകിക്കൊണ്ടേയിരിക്കുന്നു. മഞ്ഞായി ഉറഞ്ഞും പുഴയായി ഉരുകിയൊഴുകിയും ബാഷ്പീകരിച്ച് ആകാശത്തേക്ക് മേഘമായി ഉയർന്നു പറന്നും മഴയായി പെയ്തും അന്തരീക്ഷത്തിലെ ആർദ്രതയായി തങ്ങിനിന്നും ജലം ഒഴുകുന്നു. ജീവശരീരങ്ങളിലൂടെയും രക്തമായും കണ്ണീരായും മുലപ്പാലായുമൊക്കെ ജലം തന്നെയാണ് ഒഴുകിക്കൊണ്ടേയിരിക്കുന്നത്. ജലചക്രം (Water Cycle) എന്ന് നാം വിളിക്കുന്ന ഈ നിതാന്ത ജലപ്രവാഹത്തിന്റെ വിസ്മയകരമായ ആവിഷ്കാരങ്ങളാണ് ജീവനെ നിലനിർത്തുന്നതും ഭൂമിയെ ഹരിതയും ജീവസമ്പന്നയും ആക്കുന്നതും. ജീവൻ നിലനിൽക്കാൻ ഈ നിതാന്ത ജലപ്രവാഹം ഒഴുകിക്കൊണ്ടേയിരിക്കണം. ആ ഒഴുക്കിനെ നമ്മൾ തടയുകയോ മുറിക്കുകയോ ചെയ്യരുത്.


## സസ്യങ്ങളിൽ ജലം ഗുരുത്വാകർഷണത്തെ വെല്ലുവിളിക്കുന്നു

ജലത്തിന് കൗതുകകരമായ ഒരു സ്വഭാവമുണ്ട്. അതിന് ഒരുതരം ഒട്ടിപ്പിടിക്കുന്ന പശിമയുണ്ട്. അന്യോന്യവും മറ്റു വസ്തുക്കളോടും ഒട്ടിപ്പിടിക്കാൻ ജലതന്മാത്രകൾക്ക് ഇഷ്ടമാണ്. അതുകൊണ്ടാണ് ജലം ഉരുണ്ട തുള്ളികളായിത്തീരുന്നത്. എല്ലാ ദ്രാവകങ്ങൾക്കും ഈ കഴിവില്ല.

സസ്യങ്ങളുടെയും മരങ്ങളുടെയും വേരുകളിൽനിന്ന് ഇലകൾ വരെ ജലത്തിനു മുകളിലേക്ക് സഞ്ചരിക്കാൻ കഴിയുന്നത് ഈ പശിമ കാരണമാണ്.




**ജലത്തിന് കൗതുകകരമായ ഒരു സ്വഭാവമുണ്ട്. അതിന് ഒരുതരം ഒട്ടിപ്പിടിക്കുന്ന പശിമയുണ്ട്. അന്യോന്യവും മറ്റു വസ്തുക്കളോടും ഒട്ടിപ്പിടിക്കാൻ ജലതന്മാത്രകൾക്ക് ഇഷ്ടമാണ്. അതുകൊണ്ടാണ് ജലം ഉരുണ്ട തുള്ളികളായിത്തീരുന്നത്. എല്ലാ ദ്രാവകങ്ങൾക്കും ഈ കഴിവില്ല. സസ്യങ്ങളുടെയും മരങ്ങളുടെയും വേരുകളിൽനിന്ന് ഇലകൾ വരെ ജലത്തിനു മുകളിലേക്ക് സഞ്ചരിക്കാൻ കഴിയുന്നത് ഈ പശിമ കാരണമാണ്.**





## രസികൻ ജല വിവരങ്ങൾ

- ഭൂവിസ്തൃതിയുടെ 70 ശതമാനത്തിൽ അധികം സമുദ്രജലമാണ്. മനുഷ്യശരീരത്തിന്റെ 70 ശതമാനം ജലമാണ്.
- ഭൂമി രൂപംകൊണ്ട കാലത്തുണ്ടായിരുന്നത്ര ജലം ഇന്നും ഭൂമിയിലുണ്ട്. നമ്മുടെ പൈപ്പിലൂടെ വരുന്ന വെള്ളത്തിൽ ദിനോസറുകൾ കുടിച്ച ജലകണികകൾ ഉണ്ടാവാൻ ഇടയുണ്ട്.
- മനുഷ്യന്റെ തലച്ചോറിന്റെ 75 ശതമാനം ജലമാണ്.
- ജീവനുള്ള ഒരു മരത്തിന്റെ ശരീരത്തിന്റെ 75 ശതമാനം ജലമാണ്.
- ജലമാണ് ഭൂമിയുടെ താപനില നിയന്ത്രിക്കുന്നത്. മനുഷ്യശരീരത്തിന്റെ താപനില നിയന്ത്രിക്കുന്നതും ജലം തന്നെ.
- ഭൂമിയിലെ ജലപ്രവാഹങ്ങൾ ആണ് ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തി ജീവനു വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുന്നത്. അതുപോലെ തന്നെ ജീവശരീരത്തിലെ പ്രവാഹങ്ങൾ പോഷകങ്ങളെ വേണ്ടിടത്ത് എത്തിക്കുകയും കോശങ്ങളിലേക്കു പ്രാണവായു എത്തിക്കുകയും സന്ധികളെ അയവുള്ളതാക്കുകയും അവയവങ്ങളെയും സംയുക്ത കോശങ്ങളെയും സംരക്ഷിക്കുകയും ശരീരത്തിൽ നിന്ന് പാഴ്‌വസ്തുക്കൾ നീക്കിക്കളയുകയും ചെയ്യുന്നു.
- ഭൂമിയിലെ ജലം മുഴുവൻ പരസ്പരപൂരകമായ ശൃംഖലകളിലൂടെ ബന്ധിതമാണ്. നമ്മൾ മണ്ണിൽ എന്തൊഴിക്കുന്നുവോ അത് ഇന്നല്ലെങ്കിൽ നാളെ നമ്മുടെ ജീവജലത്തിലേക്കു തന്നെ തിരിച്ചെത്തുന്നു. നമ്മൾ അന്തരീക്ഷത്തിലേക്ക് എന്ത് വമിപ്പിക്കുന്നുവോ അത് എന്നെങ്കിലും നമ്മുടെ കുടിവെള്ളത്തിലേക്കു തന്നെ തിരിച്ചെത്തുന്നു.

സസ്യശരീരത്തിലെ സൈലം (Xylem) എന്ന നേർത്ത നാളികളിലൂടെ ജലതന്മാത്രകൾ അന്യോന്യവും നാളിയുടെ വശങ്ങളിലും ഒട്ടിപ്പിടിച്ചാണ് മുകളിലേക്കു സഞ്ചരിക്കുന്നത്. ഇലകളിൽനിന്ന് ജലം അന്തരീക്ഷത്തിലേക്കു ബാഷ്പീകരിച്ചു പോവുമ്പോൾ താഴെനിന്നുള്ള ജലകണികകൾ മുകളിലേക്കു വലിച്ചുകയറ്റപ്പെടുന്നു.

## നമുക്കെത്ര വെള്ളം വേണം?

ജീവജാലങ്ങൾക്കും മനുഷ്യനും നിലനിൽക്കാൻ ആവശ്യമുള്ള വെള്ളം ഭൂമിയിൽ ഉണ്ടെങ്കിലും, ഈ ജലം തുല്യമായല്ല വിതരണം ചെയ്യപ്പെട്ടിരിക്കുന്നത്. ചില രാഷ്ട്രങ്ങൾ വളരെ അധികം വെള്ളം പാഴാക്കിക്കളയുമ്പോൾ, മറ്റു ചില രാജ്യങ്ങൾ നിതാന്തമായ ജലക്ഷാമവും വരൾച്ചയും അനുഭവിക്കുന്നു.

നമുക്ക് ദിവസേന ശരാശരി ഏകദേശം അഞ്ചു ലിറ്റർ

വെള്ളം കുടിക്കണം. അലക്കാനും കുളിക്കാനും ടോയ്‌ലറ്റ് ഫ്ളഷ് ചെയ്യാനും എല്ലാം കൂടി നമ്മൾ ദിനംപ്രതി 150 ലിറ്റർ ജലം ഉപയോഗിക്കുന്നുണ്ടാവും.

ചില ധനിക രാജ്യങ്ങളിൽ പുൽത്തകിടി നനയ്ക്കുന്ന സ്പ്രിംഗ്ളറുകൾ, നീന്തൽക്കുള ങ്ങൾ, വാട്ടർ തീം പാർക്കുകൾ, ഗോൾഫ് കളിസ്ഥലങ്ങളിലെ കൃത്രിമ പുൽമേടുകൾ എന്നിവ യ്ക്കായി വളരെയധികം ജലം പാഴാക്കിക്കളയുന്നുണ്ടാവും. വികസിതരാഷ്ട്രങ്ങളിലെ പ്രതി ശീർഷ പ്രതിദിന ജല ഉപ യോഗം ശരാശരി 500 ലിറ്ററിൽ കൂടുതൽ ആയിരിക്കും. 40,000 ലിറ്റർ ജലം വരെ ദിവസേന ഉപയോഗിക്കുന്ന വീടുകൾ അമേരിക്കയിൽ ഉണ്ട്. ഇന്ത്യ യിൽ ശരാശരി പ്രതിശീർഷ ഉപയോഗം 25 ലിറ്റർ ആണ്. മഡഗാസ്കർ പോലുള്ള രാജ്യ ങ്ങളിൽ അത് കേവലം 5.4 ലിറ്ററും.

## ഇന്ത്യ ജലസമൃദ്ധിയിൽ നിന്ന് ജലദാരിദ്ര്യത്തി ലേക്ക്

ശരാശരി 1200 മില്ലിമീറ്റർ മഴ കിട്ടുന്ന ഇന്ത്യ ഒരു ജലസമ്പന്ന രാഷ്ട്രമാണ്. 10,000 മില്ലിമീറ്ററിനു മേൽ മഴ കിട്ടുന്ന മേഘാലയക്കു ന്നുകളും പശ്ചിമഘട്ട മലനിര കളും മുതൽ 210 മില്ലിമീറ്ററിൽ താഴെ മഴ കിട്ടുന്ന രാജസ്ഥാൻ വരെയുള്ള നമ്മുടെ നാട്ടിൽ അതിസമ്പന്നമായ പാരിസ്ഥി തിക വ്യവസ്ഥകളും അതി മനോഹരമായ ഭൂപ്രകൃതിയും വൈവിധ്യമാർന്ന കാർഷിക കാലാവസ്ഥകളും നിലനിൽ ക്കുന്നു.

വനനശീകരണവും തെറ്റായ ഭൂവിനിയോഗവും ജലചൂഷ ണവും നമ്മുടെ നാടിനെ ഒരു മരുഭൂമിയാക്കി മാറ്റുകയാണ്. മാറി മാറി വരുന്ന വരൾച്ചയും പ്രളയങ്ങളും കൃഷിനാശവും ദാരിദ്ര്യവും ഈ നാടിനെ വേട്ട യാടുന്നു.

ഈ നാട്ടിൽ ലഭിക്കുന്ന മഴയുടെ പത്തു ശതമാനം പോലും നമുക്ക് മണ്ണിലോ കുള ങ്ങളിലോ കിണറുകളിലോ ഭൂഗർഭജലമായോ അന്തരീക്ഷ ആർദ്രത ആയോ സംരക്ഷി ക്കാൻ ആവുന്നില്ല. വനനാശവും ഹരിതയിടങ്ങളുടെയും മരങ്ങ ളുടെയും നശീകരണവും കാര ണമാണിത്.

നമ്മുടെ നാട്ടിലെ ഭൂഗർഭ ജലം ദിനംപ്രതി അമിതമായ ചൂഷണത്തിന് വിധേയമാവു കയാണ്. പ്രതിവർഷം നമ്മൾ ഒരു ലക്ഷത്തിൽ കൂടുതൽ ബോർവെൽ ആണ് കുത്തു ന്നത്. വൻകിട അണക്കെട്ടുകളും വ്യവസായശാലകളും ജലസേ ചനവും നമ്മുടെ നദികളെയും നശിപ്പിക്കുകയാണ്.

നമ്മുടെ നാടിന്റെ ഭൂവിസ് തൃതിയുടെ മൂന്നു ശതമാനം പ്രദേശത്ത് കുളങ്ങളും തടാക ങ്ങളും കിണറുകളും നിർമി ച്ചാൽ നമ്മുടെ നാട്ടിൽ പെയ്യുന്ന മഴയുടെ 25 ശതമാനം നമുക്ക് സംഭരിക്കാൻ കഴിയും. എങ്കിൽ നമ്മൾ ലോകത്തെ ഏറ്റവും ജല സമൃദ്ധ രാഷ്ട്രമാവും. മഴവെള്ള സംഭരണവും മണ്ണു ജലസംര ക്ഷണവും ജലസംഭരണപ്രദേ ശങ്ങളിൽ വനവത്കരണവും



**നമ്മുടെ നാട്ടിലെ ഭൂഗർഭജലം ദിനംപ്രതി അമിതമായ ചൂഷണത്തിന് വിധേയമാവുകയാണ്. പ്രതിവർഷം നമ്മൾ ഒരു ലക്ഷത്തിൽ കൂടുതൽ ബോർവെൽ ആണ് കുത്തുന്നത്. വൻകിട അണക്കെട്ടുകളും വ്യവസായശാലകളും ജലസേചനവും നമ്മുടെ നദികളെയും നശിപ്പിക്കുകയാണ്. നമ്മുടെ നാടിന്റെ ഭൂവിസ്തൃതിയുടെ മൂന്നു ശതമാനം പ്രദേശത്ത് കുളങ്ങളും തടാകങ്ങളും കിണറുകളും നിർമിച്ചാൽ നമ്മുടെ നാട്ടിൽ പെയ്യുന്ന മഴയുടെ 25 ശതമാനം നമുക്ക് സംഭരിക്കാൻ കഴിയും.**

നടത്തുകയും വേണം.

## നിങ്ങൾക്കറിയാമോ?

ഇന്ന് ലോകത്തെ മൂന്നിൽ ഒരാൾക്ക് സുരക്ഷിതമായ കുടിവെള്ളം ലഭ്യമല്ല. 2050 ആവുമ്പോൾ 570 കോടി ജനങ്ങൾ വർഷത്തിൽ ഒരു മാസമെങ്കിലും വെള്ളം ലഭിക്കാത്ത ഇടങ്ങളിലായിരിക്കും ജീവിക്കുന്നത്.

സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമാണ് ശുദ്ധജലം ഏറ്റവും കുറവ് കിട്ടുന്നത്. അതേസമയം സ്ത്രീകളാണ് വെള്ളം ശേഖരിക്കാനും തലച്ചുമടായി വീട്ടിൽ എത്തിക്കാനും കിലോമീറ്ററുകൾ നടക്കുന്നുണ്ടാവുക.

ശുദ്ധജലവും ശുചിത്വമുള്ള ചുറ്റുപാടുകളും ജനങ്ങൾക്ക് ലഭ്യമാക്കിയാൽ നമുക്ക് പ്രതിവർഷം 3, 60, 000 ശിശുമരണം ഒഴിവാക്കാൻ ആവും.

2040 ആവുമ്പോൾ ശുദ്ധജലത്തിന്റെ ആവശ്യം ലോകത്ത് ഇന്നത്തേക്കാൾ 25 ശതമാനം വർധിക്കും എന്നാണ് അനുമാനിക്കുന്നത്.

## ജലസാക്ഷരത

പല്ലു തേയ്ക്കുമ്പോഴും മുഖം കഴുകുമ്പോഴും പിടിപ്പാത്രത്തിൽ വെള്ളം പിടിച്ചുവച്ച് ഉപയോഗിക്കുന്ന ശീലമുള്ള ആൾക്കാരാണ് നമ്മളിൽ പലരും. മലയാളികൾക്ക് പൊതുവേ പാരിസ്ഥിതികബോധം ഉണ്ട് എന്നാണ് നമ്മുടെ വിശ്വാസം. എത്ര ബോധമുണ്ടായാലും അതൊന്നും മതിയാവില്ല എന്ന് ഈയടുത്താണ് എന്റെ ഒരു കൂട്ടുകാരി എന്നെ പഠിപ്പിച്ചത്. ബാംഗ്ലൂരിൽ താമസിക്കുന്ന അവൾ ഒരൊറ്റ ചെറിയ ഹോട്ടലിൽ ആൾക്കാർ പകുതി കുടിച്ചു വച്ചുപോവുന്ന ഗ്ലാസ്സുകളിൽനിന്ന് പാഴായിപ്പോവുന്ന കുടിവെള്ളത്തിന്റെ ഒരു കണക്കെടുത്തു. നമ്മൾ എല്ലാം ചെയ്യുന്ന വലിയ ഒരു തെറ്റാണിത്. ഓരോ വർഷവും ഒരു ചെറിയ ജില്ലയിലെ റെസ്റ്റോറന്റുകളിൽ ഇങ്ങനെ പാഴായിപ്പോവുന്നത് 140 ലക്ഷം ലിറ്റർ വെള്ളമാണെന്ന് അവൾ കണക്കാക്കി.

റെസ്റ്റോറന്റുകളിൽ ഒരു ചെറിയ നോട്ടീസുമായി കയറിയിറങ്ങി അവൾ വലിയൊരു മാറ്റത്തിന് തുടക്കം കുറിച്ചു. ‘‘മാറ്റത്തിനു വേണ്ടി കാത്തിരുന്നിട്ടു കാര്യമില്ല, നാം ഓരോരുത്തരും മാറ്റത്തിനായി ഇറങ്ങി പ്രവർത്തിച്ചേ മതിയാവൂ...’’ എന്നവൾ പറയുന്നു.

ലോക ജലദിനത്തിൽ നമുക്കും നിത്യജീവിതത്തിൽ ജലം പാഴാക്കാതിരിക്കാനും ജലം സംരക്ഷിക്കാനും ജലത്തെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാനും തുടങ്ങാം.



# ഒമിക്രോൺ ജാഗ്രത തുടരണം

ഡോ. ബി പത്മകുമാർ

കോവിഡ് ഭീഷണി അവസാനിക്കുന്നില്ല. കൊറോണ വൈറസിന്റെ പുതിയ ജനിതക വകഭേദമായ ഒമിക്രോണാണ് ഏറ്റവും അവസാനമായി ആശങ്കയുണ്ടാക്കിയിരിക്കുന്നത്. കഴിഞ്ഞവർഷം നവംബറിൽ ദക്ഷിണാഫ്രിക്കയിൽ ആദ്യമായി കണ്ടെത്തിയ ഈ പുതിയ വൈറസ്‌വകഭേദം കേവലം രണ്ടു മാസങ്ങൾകൊണ്ട് ലോകമാകെ കീഴടക്കുകയായിരുന്നു. ഏതായാലും കൊറോണയുടെ മറ്റു പൂർവികരെപ്പോലെ ഒമിക്രോൺ അത്രയും മാരകമല്ലായെന്നതാണ് ആശ്വാസകരമായ വസ്തുത. തന്നെയുമല്ല, കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഒമിക്രോൺ വ്യാപനത്തിൽ ഗണ്യമായ കുറവും അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

ഒമിക്രോൺ വകഭേദത്തെ ആശങ്കാവകഭേദം എന്നാണ് ലോകാരോഗ്യസംഘടന വിശേഷിപ്പിച്ചത്. അതിതീവ്രവ്യാപനശേഷിയാണ് ഈ വകഭേദത്തിന്. ഒരാളിൽനിന്ന് നാലുപേരിലേക്കാണ് വൈറസ് ബാധയുണ്ടാകുന്നത്.

മനുഷ്യകോശങ്ങളിൽ പറ്റിപ്പിടിക്കാൻ വൈറസിനെ സഹായിക്കുന്ന സ്പൈക്ക് പ്രോട്ടീനിൽ മുപ്പതിലേറെ വ്യതിയാനങ്ങളാണ് ഒമിക്രോൺ വകഭേദത്തിലുണ്ടായത്. ഈ വ്യതിയാനങ്ങളാണ് പുതിയ വകഭേദത്തിന് തീവ്രമായ വ്യാപനശേഷി നൽകിയത്.




ഒമിക്രോൺ വകഭേദത്തിന് കൊറോണ വൈറസിന്റെ മറ്റു വകഭേദങ്ങളായ ആൽഫ, ഡെൽറ്റ എന്നിവയിൽനിന്ന് ഒട്ടേറെ വ്യത്യാസങ്ങളുണ്ട്. താരതമ്യേന ലഘുവായ ലക്ഷണങ്ങൾ മാത്രമേ ഒമിക്രോൺ ബാധയിൽനിന്ന് ഉണ്ടാവുകയുള്ളൂ. മണമറിയാനുള്ള കഴിവും രുചിയറിയാനുള്ള കഴിവും നഷ്ടപ്പെടാറില്ല. ഒമിക്രോൺ തൊണ്ടയിലും ശ്വസനവ്യവസ്ഥയുടെ ആദ്യഭാഗങ്ങളിലും മാത്രമാണ് രോഗാണുബാധയുണ്ടാക്കുന്നത്. ശ്വാസകോശത്തെ ബാധിക്കുകയില്ല. അതുകൊണ്ട് ഡെൽറ്റ വകഭേദം പോലെയോ ന്യുമോണിയ പോലെയോ ഉള്ള സങ്കീർണതകളും ഉണ്ടാവുകയില്ല.

ഒമിക്രോൺ വ്യാപനം ദീർഘനാൾ നീണ്ടുനിൽക്കുകയില്ല. കാരണം വൈറസിനെതിരെ പൊതുവേ ഒരു സാമൂഹിക പ്രതിരോധം രൂപപ്പെട്ടിട്ടുണ്ട്. രണ്ടുതരത്തിലാണ് ഇതു സംഭവിച്ചിരിക്കുന്നത്. കോവിഡ് ബാധയെത്തുടർന്നുണ്ടാകുന്ന സ്വാഭാവിക പ്രതിരോധമാണ് ഒന്ന്. വാക്സിനേഷനിലൂടെ നമുക്ക് ലഭിക്കുന്ന കൃത്രിമമായ പ്രതിരോധശേഷിയാണ് മറ്റൊന്ന്.

മുതിർന്നവരെക്കൂടാതെ 15 നും 18 നും ഇടയ്ക്കുള്ള മുതിർന്നകുട്ടികൾക്കും വാക്സിനേഷൻ നൽകിത്തുടങ്ങിയല്ലോ. ചെറിയ പ്രായത്തിലുള്ള



**സ്കൂളിൽ പോകുമ്പോൾ നിർബന്ധമായും മാസ്ക് ധരിച്ചിരിക്കണം. ധരിച്ചിരിക്കുന്ന മാസ്ക് നനയുകയോ അഴുക്കാകുകയോ ചെയ്താൽ ഉപയോഗിക്കാനായി മറ്റൊരെണ്ണം കൂടി കരുതണം. കുടിക്കാനുള്ള വെള്ളവും കഴിക്കാനുള്ള ഭക്ഷണവും മാത്രമല്ല, പുസ്തകവും പേനയും പെൻസിലുമൊന്നും തത്കാലം കൈമാറരുത്.**

കുട്ടികൾക്കും വാക്സിൻ നൽകാനുള്ള നടപടികൾ ഉടൻ ആരംഭിച്ചേക്കും.

മാസ്ക് ധരിക്കുക, സുരക്ഷിത അകലം പാലിക്കുക, കൈകൾ സോപ്പിട്ട് കഴുകി ശുചിയായി സൂക്ഷിക്കുക, ആൾക്കൂട്ടങ്ങൾ ഒഴിവാക്കുക, അനാവശ്യ യാത്രകൾ ഒഴിവാക്കുക തുടങ്ങിയവയാണ് ഒമിക്രോൺ വകഭേദത്തെയും പ്രതിരോധിക്കാനായി നമ്മുടെ മുമ്പിലുള്ള മാർഗങ്ങൾ. പനിയോ ജലദോഷ ലക്ഷണങ്ങളോ ഉണ്ടായാൽ അവഗണിക്കാതെ ഡോക്ടറെ കാണണം. ഡോക്ടർ നിർദേശിക്കുന്ന മരുന്നുകൾ കഴിക്കണം.

കൂട്ടുകാരുടെ സ്കൂളുകളും തുറക്കുകയാണ്. പരീക്ഷയും അടുത്തെത്താറായി. കോവിഡിനെ അകറ്റിനിർത്തി സുരക്ഷിതമായി സ്കൂളിൽ പോകാനും വരാനും ശീലിക്കണം. കൂടാതെ നമ്മളിൽനിന്ന് വീട്ടിലുള്ള മറ്റു കുടുംബാംഗങ്ങളിലേക്ക് രോഗം പകരാതെയിരിക്കാനും കരുതലുണ്ടാകണം.

സ്കൂളിൽ പോകുമ്പോൾ നിർബന്ധമായും മാസ്ക് ധരിച്ചിരിക്കണം. ധരിച്ചിരിക്കുന്ന മാസ്ക് നനയുകയോ അഴുക്കാകുകയോ ചെയ്താൽ ഉപയോഗിക്കാനായി മറ്റൊരെണ്ണം കൂടി കരുതണം. കുടിക്കാനുള്ള വെള്ളം, കഴിക്കാനുള്ള ഭക്ഷണം എന്നിവയൊക്കെ സ്വന്തമായി എടുത്തിരിക്കണം. ഭക്ഷണവും വെള്ളവും മാത്രമല്ല, പുസ്തകവും പേനയും പെൻസിലുമൊന്നും തത്കാലം കൈമാറരുത്. ക്ലാസിൽ അകലം പാലിച്ച് തിക്കും തിരക്കുമൊന്നും ഉണ്ടാകാതെയിരിക്കാനും ശ്രദ്ധിക്കണം.

തിരിച്ചു വീട്ടിൽ വന്നാലും ധരിച്ചിരുന്ന ഉടുപ്പൊക്കെ മാറ്റി നന്നായി കുളിച്ച് പുതിയ വസ്ത്രങ്ങൾ ധരിച്ചതിനുശേഷം മാത്രമേ മറ്റുള്ളവരുമായി ഇടപഴകാവൂ. ആദ്യം ഇതൊക്കെ ബുദ്ധിമുട്ടുള്ളതായി തോന്നും. ക്രമേണ ഇതൊരു ശീലമായിക്കൊള്ളും. തന്നെയുമല്ല, വീട്ടിലുള്ള മുത്തച്ഛനും മുത്തശ്ശിയുമൊക്കെ രോഗബാധിതരാകാതെയിരിക്കാനുള്ള ജാഗ്രതയും നമ്മൾ കാണിക്കണമല്ലോ.

നമുക്ക് ആശ്വസിക്കാം. കോവിഡ് ഇങ്ങനെ അനന്തമായി നീളുകയൊന്നുമില്ല. ഏതാനും മാസങ്ങൾക്കുള്ളിൽ കോവിഡിനെ പൂർണമായി നിയന്ത്രണവിധേയമാക്കാൻ കഴിയുമെന്നാണ് വൈദ്യശാസ്ത്രലോകം പ്രതീക്ഷിക്കുന്നത്.

ഓർക്കുക, ശുചിത്വവും വാക്സിനേഷനുമാണ് കൊറോണയ്ക്കെതിരെ പോരാടാനുള്ള ആയുധങ്ങൾ അവ ഉപയോഗിച്ച് നമുക്ക് കോവിഡിനെ കീഴടക്കാം. സുരക്ഷിതരാകാം.

# ലതാജിയെ ഓർക്കുമ്പോൾ

**പ്രദീപ് സോമസുന്ദരൻ**



**വിവിധ ഭാഷകളിലായി നാൽപ്പതിനായിരത്തിലേറെ ഗാനങ്ങൾ പാടിയ ഭാരതത്തിന്റെ വാനമ്പാടി ലതാ മങ്കേഷ്കർ 'നെല്ല്' എന്ന ചിത്രത്തിലെ സൂപ്പർഹിറ്റ് ഗാനമായ 'കദളീ ചെങ്കദളീ...' പാടിയാണ് മലയാളത്തിലെത്തിയത്. പത്മഭൂഷണും പത്മവിഭൂഷണും ഭാരതരത്നം പുരസ്കാരവും നൽകി ഭാരതം ലതാജിയെ ആദരിച്ചു. ഭാരതത്തിന്റെ യശസ്സ് ഉയർത്തിയ മികച്ച ഒരു കലാകാരിയെയാണ് ഇപ്പോൾ നമുക്ക് നഷ്ടമായത്. ഭാരതത്തിന്റെ വാനമ്പാടിക്ക് സ്നേഹാഞ്ജലി.**

ചെറുപ്പകാലം മുതൽക്കുതന്നെ ലതാജിയുടെയും റഫിസാബിന്റെയും ഒക്കെ പാട്ടുകൾ റേഡിയോയിൽ കേട്ടുതുടങ്ങിയതാണ് ഞാൻ. റേഡിയോ എന്നുവച്ചാൽ റേഡിയോ സിലോൺ- ശ്രീലങ്ക ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷൻ. ഇതിലൂടെയായിരുന്നു ഇവരുടെയെല്ലാം ഗാനങ്ങൾ ഞാൻ കേട്ടിരുന്നത്. അന്ന് വേറേ മാധ്യമങ്ങളൊന്നുമില്ല. റേഡിയോ മാത്രമേയുള്ളൂ. അന്നുമുതൽക്കു തുടങ്ങിയതാണ് ഇവരോടൊക്കെയുള്ള ആരാധനയും സംഗീതത്തോടുള്ള സ്നേഹവും. ആ കാലത്ത് ഞാൻ ഗുജറാത്തിലായിരുന്നു. അതിനുശേഷം തൃശ്ശൂരിലേക്കു ചേക്കേറി. അവിടത്തെ സ്കൂളിൽ പഠനം തുടരുന്ന കാലത്തുതന്നെ സംഗീതപഠനവും തുടർന്നു. അന്നൊക്കെ ഇവരുടെയെല്ലാം പാട്ടുകൾ ഞാൻ ധാരാളം കേൾക്കുകയും അവയിൽനിന്നും ഒരുപാടുകാര്യങ്ങൾ പഠിക്കാനുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തിരുന്നു. നേരിട്ട് ഇവരാരും നമ്മെ സംഗീതം അഭ്യസിപ്പിച്ചിട്ടില്ലെങ്കിലും ശരിക്കും ഇവർ നമുക്ക് ഗുരുനാഥന്മാർ തന്നെയാണ്.

സിനിമാസംഗീതത്തിലായാലും ക്ലാസിക്കൽ സംഗീതത്തിലായാലും അല്ലെങ്കിൽ സംഗീതത്തിന്റെ ഏതു ശാഖയിലായാലും അവിടെ ശോഭിച്ച് മുൻപന്തിയിൽ നിൽക്കുന്ന ഇതുപോലുള്ള സംഗീതജ്ഞരിൽനിന്നും നമുക്ക് പലതും പഠിക്കാനുണ്ട്. അവർ ഉന്നതങ്ങളിലെത്താൻ എന്താണ് കാരണം? അവരുടെ ആലാപനശൈലി, ഗാനങ്ങളിൽ അവർ വരുത്തുന്ന ശബ്ദക്രമീകരണം, ഭാവം കൊടുക്കുന്ന രീതി ഇവയെല്ലാം നാം മനസ്സിലാക്കേണ്ട അല്ലെങ്കിൽ പഠിച്ചിരിക്കേണ്ട കാര്യങ്ങളാണ്. അത് ലതാജിയിൽനിന്ന് ആയാലും റഫിസാബ്, കിഷോർകുമാർ, ജാനകിയമ്മ തുടങ്ങിയ പ്രമുഖരിൽനിന്നായാലും ഒരുപാടു പാഠങ്ങൾ നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

പഠനം കഴിഞ്ഞ് ജോലി ലഭിച്ച കാലത്താണ് 1995 ൽ ദൂരദർശനിൽ 'മേരി ആവാസ് സുനോ' എന്ന പരിപാടി നടക്കുന്നത്. അന്ന് ഞാൻ പുതുപ്പള്ളിയിൽ അധ്യാപകനായി ജോലി ചെയ്യുക



'മേരി ആവാസ് സുനോ' റിയാലിറ്റി ഷോയിലെ വിജയികളായ പ്രദീപ് സോമസുന്ദരനും സുനിധി ചൗഹാനും ലതാ മങ്കേഷ്കറിനോടൊപ്പം.

യായിരുന്നു. ഹിന്ദി ഗാനങ്ങൾ ഞാൻ നന്നായി പാടും എന്നറിയാവുന്ന എന്റെ സഹപ്രവർത്തകരും വിദ്യാർഥികളും ഈ പരിപാടിയിൽ പങ്കെടുക്കാൻ എന്നെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ ഞാൻ എന്റെ കുറച്ചു പാട്ടുകൾ ഉൾപ്പെട്ട കാസറ്റ് അയച്ചുകൊടുത്തു. ബോംബെയിലേക്കാണ് അയച്ചുകൊടുക്കേണ്ടിയിരുന്നത്. ലതാ മങ്കേഷ്കർ, യാഷ് ചോപ്ര, ദൂരദർശൻ ഇവർ ചേർന്നായിരുന്നു ഈ പരിപാടി സംഘടിപ്പിച്ചിരുന്നത്. പരിപാടിയിൽ എനിക്ക് സെലക്ഷൻ കിട്ടുകയും മെഗാഫൈനൽ വരെ എത്തുകയും ചെയ്തു.

1996 ൽ നടന്ന മെഗാഫൈനലിൽ അന്തിമ വിധി വന്നപ്പോൾ മികച്ച ഗായകനുള്ള പുരസ്കാരം എനിക്കും മികച്ച ഗായികയ്ക്കുള്ള പുരസ്കാരം സുനിധി ചൗഹാനും ലഭിച്ചു. ലതാമങ്കേഷ്കർ, പണ്ഡിറ്റ് ജസ്‌രാജ്, മന്നാഡേ, ഭൂപൻ ഹസാരിക എന്നിവരടങ്ങിയ ജഡ്ജിങ് പാനലാണ് വിജയികളെ കണ്ടെത്തിയത്. അന്ന് ഞങ്ങൾക്കുണ്ടായ സന്തോഷം എത്രയെന്ന് പറഞ്ഞറിയിക്കാൻ കഴിയില്ല. കുട്ടിക്കാലം മുതൽ മനസ്സിൽ കൊണ്ടുനടന്ന ആരാധനാമൂർത്തികളെ കാണാൻ കഴിയുമെന്നോ അവരെ പരിചയപ്പെടുന്നതിനോ അവരുമായി അസുലഭനിമിഷങ്ങൾ പങ്കുവയ്ക്കാൻ കഴിയുമെന്നോ ഞങ്ങൾ മനസ്സിൽപ്പോലും വിചാരിച്ചിരുന്നില്ല.

ഏതൊരു പാട്ടുകാരന്റെയും വലിയൊരു അഭിലാഷമായിരിക്കും ഇതുപോലൊരു ജഡ്ജിങ് പാനലിനു മുന്നിൽ ഒരു പാട്ടെങ്കിലും പാടാൻ കഴിയുക എന്നത്. സമ്മാനം കിട്ടുകയോ കിട്ടാതിരിക്കുകയോ എന്നതിനേക്കാളുപരി നമുക്ക് നമ്മുടെ കഴിവ് പ്രകടിപ്പിക്കാൻ ഒരവസരം ലഭിച്ചു എന്ന സന്തോഷം എത്രയോ വലുതാണ്. 'to add icing on the cake' എന്നു പറയുന്നതുപോലെയാണ് എനിക്ക് ഈ ബഹുമതി കിട്ടിയപ്പോൾ തോന്നിയത്. കാരണം ലതാജിയുടെ പേരിലുള്ള പുരസ്കാരം അവരുടെ ഒപ്പോടുകൂടി അവരുടെ കൈയിൽനിന്നും സ്വീകരിക്കുവാൻ എനിക്കു സാധിച്ചു. അത് വലിയ ഒരു ഭാഗ്യമായിരുന്നു.

'മേരി ആവാസ് സുനോ' ആണ് ആദ്യത്തെ റിയാലിറ്റി ഷോ എന്ന് പറയപ്പെടുന്നു. പുരസ്കാരം നൽകിയ ശേഷം ലതാജി എന്നോടും സുനിധിയോടും പറഞ്ഞു: ''നിങ്ങൾ നമ്മുടെ ഭാരതീയസംഗീതം പഠിക്കണം. ശാസ്ത്രീയ സംഗീതം പഠിക്കണം. എന്നാൽ മാത്രമേ നമുക്ക് ലളിതസംഗീതത്തിൽ അല്ലെങ്കിൽ സുഗം സംഗീതത്തിൽ പാടാൻ കഴിയുകയുള്ളൂ. സിനിമയിൽ ഏതുതരം പാട്ടു പാടണമെങ്കിലും ശാസ്ത്രീയ സംഗീതത്തിൽ നല്ലൊരു അടിത്തറ ഉണ്ടായിരിക്കണം.'' ഇങ്ങനെ പറഞ്ഞ് അനുഗ്രഹിച്ചാണ്



ലതാ മങ്കേഷ്കർ പുരസ്കാരം പ്രദീപ് സോമസുന്ദരൻ ലതാജിയുടെ കൈയിൽനിന്നും സ്വീകരിക്കുന്നു.



ലതാജി ഞങ്ങളെ അവിടെ നിന്നും വിട്ടത്.

കുട്ടിക്കാലത്ത് ഇതുപോലുള്ള പ്രതിഭകളെ കാണുക എന്നത് വലിയ ആഗ്രഹമായിരുന്നു. ആ ആഗ്രഹങ്ങൾക്ക് ചിറകുകൊടുക്കുന്നതോടൊപ്പം അതിനായി നന്നായി അധ്വാനിക്കുകയും വേണം എന്ന് ഞാൻ മനസ്സിലാക്കി.

ഇത്തരം ഒരു റിയാലിറ്റി ഷോയിൽ പങ്കെടുത്തിട്ടുകാര്യമുണ്ടോ എന്ന് ചിലരെങ്കിലും എന്നോടു ചോദിച്ചിരുന്നു. എന്നാൽ അതൊന്നും കാര്യമാക്കാതെ ഫലം എന്തോ ആകട്ടെ പക്ഷേ അതിനായി പ്രയത്നിക്കാൻതന്നെ ഞാൻ തീരുമാനിച്ചു. മനസ്സുപറഞ്ഞ ദിശയിൽ സഞ്ചരിച്ചു. എന്നേക്കാൾ നന്നായി പാടുന്ന പല ഗായകരും മത്സരിക്കാൻ അന്നുണ്ടായിരുന്നു. എന്നാൽ

**ലതാജി ആരായിരുന്നു എന്നു ചോദിച്ചാൽ ഒരുപാട്ടുകാരിയോ സംഗീതജ്ഞയോ എന്നു പറയുന്നതിലുപരി ഇന്ത്യയുടെ, നാം ഓരോ ഇന്ത്യാക്കാരുടെയും അഭിമാനവും വികാരവുമാണ് എന്ന് പറയുന്ന താവും ശരി. നമ്മുടെ സംസ്കാരം ലോകത്തിന്റെ നാനാഭാഗത്തും പരത്തിയ കലാകാരൻമാരാണ് ലതാജിയും റഫിസാറും കിഷോർ കുമാറും യേശുദാസുമൊക്കെ. ഭാരതത്തിന്റെ യശസ്സ് ഉയർത്തിയ മികച്ച ഒരു കലാകാരിയെയാണ് ഇപ്പോൾ നമുക്ക് നഷ്ടമായത്.**

എല്ലാവരുടെയും പ്രാർഥനയും പിന്തുണയും എന്നെ വിജയി ആകാൻ സഹായിച്ചു.

ലതാജി ആരായിരുന്നു എന്നു ചോദിച്ചാൽ ഒരുപാട്ടുകാരിയോ സംഗീതജ്ഞയോ എന്നു പറയുന്നതിലുപരി ഇന്ത്യയുടെ, നാം ഇന്ത്യാക്കാർ ഓരോരുത്തരുടെയും അഭിമാനവും വികാരവുമാണ് എന്ന് പറയുന്നതാവും ശരി. നമ്മുടെ സംസ്കാരം ലോകത്തിന്റെ നാനാഭാഗത്തും പരത്തിയ കലാകാരൻമാരാണ് ലതാജിയും റഫിസാറും കിഷോർകുമാറും യേശുദാസുമൊക്കെ. ഇങ്ങനെ ഭാരതത്തിന്റെ യശസ്സ് ഉയർത്തിയ മികച്ച ഒരു കലാകാരിയെയാണ് ഇപ്പോൾ നമുക്ക് നഷ്ടമായത്. ഈ അതുല്യ കലാകാരിക്ക് പ്രണാമം.

*(ചലച്ചിത്രഗാനരംഗത്തും സംഗീത ആൽബങ്ങളിലും കർണ്ണാടക സംഗീതത്തിലും ശ്രദ്ധേയനായ ഗായകനാണ് ലേഖകൻ. 1996 ലെ മേരി ആവാസ് സുനോ എന്ന ദൂരദർശൻ ടെലിവിഷൻ പരിപാടിയിൽ ഇന്ത്യയിലെ പുതുമുഖ ഗായകരിൽ മികച്ച ഗായകനുള്ള ലതാ മങ്കേഷ്കർ പുരസ്കാരം നേടി.)*



# കുഞ്ഞുസ്വപ്നം

**ജെ ആർ കുറുപ്പ് ഏറ്റുമാനൂർ**





എന്റെ ഈ സ്വപ്നങ്ങൾ മണ്ണിൽ കിളിർക്കണം
വിണ്ണിൻ വിദൂരത്തിലൊക്കെപ്പറക്കണം
കൂട്ടുകാരൊത്തീയിടവഴി ഓടണം
നേരം കളയാതെ ഇസ്കൂളിലെത്തണം
ക്ലാസിൽ പഠിച്ചങ്ങു മുന്നിട്ടു നിൽക്കണം
ടീച്ചർ പറയുന്നതൊക്കെയും കേൾക്കണം
വേലിക്കിരുപുറം പൂക്കൾ നിരക്കണം
തേൻകണം ഉണ്ണുവാൻ ശലഭങ്ങൾ വേണം
മാനത്തു നീളെ കരിമേഘമെത്തുമ്പോൾ
ഉള്ളം കുളിർക്കുവാൻ മഴവില്ലു വേണം
നല്ല കഥകൾ വിതപ്പാട്ടുമൊക്കെയും
ചൊല്ലിത്തരാനെന്റെ  മുത്തശ്ശി എത്തണം
അമ്മ മടിയിൽ എനിക്കു കിടക്കണം
കണ്ണീരുടയുമ്പോൾ മായ്ച്ചു കൊടുക്കണം.

വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി



---




## ഭാരതത്തിന്റെ വാനമ്പാടിക്ക് വിട

**പള്ളിയറ ശ്രീധരൻ**

### ഭാരതത്തിന്റെ വാനമ്പാടി ലതാ മങ്കേഷ്കർക്ക് ആദരാഞ്ജലികൾ

ഒരുമാസക്കാലം ലതാജിയുടെ മുന്നിൽ ഇരുന്നുകൊണ്ട് അവരുടെ പാട്ട് കേട്ടുപഠിക്കാൻ അവസരമുണ്ടായത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യങ്ങളിൽ ഒന്നായി കാണുന്നു. 1978ൽ ന്യൂദൽഹിയിൽ വച്ച് ഏകദേശം ഒന്നര മാസം നീണ്ടു നിൽക്കുന്ന ഒരു ക്യാമ്പിൽ വച്ചാണ് എനിക്ക് ഈ സൗഭാഗ്യം കൈവന്നത്. ന്യൂദൽഹിയിലെ സെന്റർ ഫോർ കൾച്ചറൽ റിസോഴ്സസ് & ട്രെയിനിംഗ് എന്ന സ്ഥാപനമാണ് കോഴ്സ് നടത്തിയിരുന്നത്. എല്ലാ ദിവസവും ഒരു മണിക്കൂർ ഇന്ത്യയിലെ വിവിധ ഭാഷയിൽ ഉള്ള ഗാനം അവർ അവതരിപ്പിക്കുമായിരുന്നു. മലയാളത്തിൽ 'കുട്ടനാടൻ പുഞ്ചയിലെ കൊച്ചു പെണ്ണേ കുയിലാളേ…' എന്ന ഗാനമാണ് അവതരിപ്പിച്ചത്. അവർ അവതരിപ്പിച്ച പല ഗാനങ്ങളും ഇപ്പോഴും എനിക്ക് ഹൃദിസ്ഥമാണ്. ഇക്ക് ശോർ ചമൻ ഇക്ക്, ശോർ വമൻ (ഒഡീസി ), ഹിന്ദ് ദേശ് കെ നിവാസീ സഭീ ജന് ഏക് ഹെ രംഗ് രൂപ് വേഷ് ഭാഷാ ചാഹെ അനേക് ഹെ (ഹിന്ദി) എത്ര അർഥവത്തായ വരികൾ!

ഒരിക്കൽ കൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു.



വര:എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി



# പാഠങ്ങൾക്കപ്പുറം

**വി ഹശ്ഹാശ് കണ്ണൂർ സിറ്റി**

'മാസ്റ്റർജീ, ദീപാവലി മനാനേ കേലിയേ ഹം അപ്നാ ഗാവ് മേ ജായേങ്കേ... ഇസ്‌ലിയേ കൽ സേ സ്ക്കൂൾ ഹം നഹി ആയേങ്കേ...'

ഒന്നാം ക്ലാസ്സിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ ക്ലാസ്സിൽ കയറിയപ്പോൾ കുസൃതിപ്പടക്കങ്ങൾ കൂട്ടത്തോടെ വളഞ്ഞ് മൊഴിയുകയാണ് എന്നോട്. ഒരു തരത്തിൽ ഒന്നാം ക്ലാസ്സിനെ ഒന്നാന്തരമാക്കുന്നത് കണ്ണഞ്ചിപ്പിക്കുന്ന, വർണ്ണശബളിമയാർന്ന ക്ലാസ്സ് ചുമർചിത്രങ്ങൾ മാത്രമല്ല, ഇത്തരത്തിലുള്ള അന്യസംസ്ഥാനത്തുനിന്ന് വന്ന ഹിന്ദി സംസാരിക്കുന്ന നിഷ്കളങ്കരായ ഈ പൂമുഖങ്ങളും കൂടിയാണ്. ഒന്നാം ക്ലാസ്സിനെ മാത്രമല്ല, യു പി തലത്തിലെ എല്ലാ ക്ലാസ്സുകളിലും അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളുടെ സജീവ സാന്നിധ്യവും അവരുടെ ഭാഷാവൈവിധ്യവും ഈ കൊച്ചു സ്കൂളിന്റെ മാത്രം വേറിട്ട പ്രത്യേകതയാണ്. എൺപത് ശതമാനത്തോളം കുട്ടികളും അന്യസംസ്ഥാന തൊഴിലാളികളുടെ മക്കൾ.

പറഞ്ഞുവരുന്നത്, കണ്ണൂർ നോർത്ത് സബ്ജില്ലയിലെ ദേവത്താർക്കണ്ടി യു പി സ്കൂൾ എന്ന കൊച്ചു മലർവാടിയിലെ രസകരമായതും നോവുണർത്തുന്നതുമായ മൂർച്ചയേറിയ അനുഭവച്ചീളുകളെക്കുറിച്ചാണ്.

നോർത്ത് ഇന്ത്യയുടെ ഒരു ചെറിയ പരിച്ഛേദമാണ് ഈ സ്കൂൾ എന്നുതന്നെ പറയാം. ഈ കുസൃതിക്കുരുന്നുകളുടെ ആത്മവിദ്യാലയം. ആ മലർവാടിയിൽ മലയാളികൾക്കു പുറമേ തമിഴ്നാട്, രാജസ്ഥാൻ, പഞ്ചാബ്, മധ്യപ്രദേശ്, ഹരിയാന, ഝാർഖണ്ഡ് എന്നിവിടങ്ങളിൽനിന്നും ചേക്കേറിയ മൈനകളുണ്ട്.

എല്ലാം പച്ചപാവങ്ങൾ. ദൈവത്തിന്റെ സ്വന്തം നാടിന്റെ നന്മമനസ്സറിഞ്ഞ് കൂടണഞ്ഞ കുടുംബങ്ങൾ. നിറവയർ സ്വപ്നം കാണുവാൻ മാത്രം വിധിക്കപ്പെട്ട പച്ചമനുഷ്യർ. അതിനായി നിറയാത്ത വയറും അരയും മുണ്ട് കൊണ്ട് മുറുക്കികെട്ടി നാവടക്കി പണിയെടുക്കാൻ വിധിക്കപ്പെട്ട പാവങ്ങളായ രക്ഷിതാക്കളുടെ കൺമണികൾ.

ഓണം, ക്രിസ്മസ്, വേനലവധി ദിനങ്ങളിൽ, കിതച്ച് നിലവിളിച്ചോടുന്ന തീവണ്ടിയിടനാഴികളിലും ഉത്സവപ്പറമ്പുകളിലും തെരുവോരങ്ങളിലും കളിസാധനങ്ങളും മറ്റും വിറ്റ് അന്നന്നത്തെ അന്നം കണ്ടെത്തുവാൻ രക്ഷിതാക്കൾക്ക് താങ്ങായിനിൽക്കുന്ന നന്മവേരുകളായി ഈ നിഷ്കളങ്കബാല്യങ്ങളെ നമുക്ക് കാണാം. നിറപ്പകിട്ടാർന്ന ഉത്സവക്കാഴ്ചകൾക്കിടയിലെ വെയിലേറ്റ് നിറം മങ്ങിയ ദൈന്യബാല്യങ്ങൾ.

രാവിലെ തങ്ങൾക്ക് വിധിക്കപ്പെട്ട അന്നത്തിനായി പുറപ്പെടുമ്പോൾ, അറിവിന്റെ മധുനുകരാൻ മാത്രമല്ല, മറിച്ച് കുരുന്നുകളെ സുരക്ഷിതമായി ഇരുത്താനുള്ള ഒരിടം കൂടിയാണ് രക്ഷിതാക്കൾക്ക് ഈ മലർവാടി. സംസ്ഥാനചരിത്രത്തിൽ ആദ്യമായി ഹിന്ദി മാതൃഭാഷയായ സുബ്രജ്യോതിയെന്ന രാജസ്ഥാൻകാരി പെൺകുട്ടി സ്വപ്രയത്നം കൊണ്ടും അധ്യാപകരുടെ പിന്തുണയാലും പൊതുവിദ്യഭ്യാസ വകുപ്പ് നടത്തുന്ന യു എസ് എസ് സ്കോളർഷിപ്പ് നേടി പുതുചരിത്രം രചിക്കുകയുണ്ടായി.

കലണ്ടറിതളുകൾ അല്പം പിറകോട്ട് മറിക്കാം. 2017 ഒക്ടോബർ മാസത്തിലെ ഒരു പ്രഭാതം. അന്നും പതിവുപോലെ കുട്ടികളുടെ കലപില ശബ്ദങ്ങൾക്ക് താത്കാലിക വിരാമം കുറിച്ച് ഓഫീസ് അസിസ്റ്റന്റ് പ്രശാന്തൻ ഫസ്റ്റ് ബെൽ നീട്ടി മുട്ടി. 'ദൈവമേ കാക്കുമാറാകണം' എന്നു തുടങ്ങുന്ന പ്രഭാത പ്രാർഥനയ്ക്കു ശേഷം ഞാൻ പട്ടികയെടുത്ത് ഹാജർവിളി തുടങ്ങി.

കതിർ രാജ, അഭിഷേക്, സുരഭി (പേരുകൾ സാങ്കല്പികം). കുട്ടികൾ പരിമിതമായതിനാൽ ആ പണി പെട്ടെന്ന് പൂർത്തിയാക്കി പഠിപ്പിക്കലിലേക്കു കടന്നു. ഇംഗ്ലീഷ് പുസ്തകത്തിലെ തുറിച്ചുനോക്കി പേടിപ്പിക്കുന്ന വാക്കുകളെയും പ്രയോഗങ്ങളെയും കണ്ടുപിടിക്കാനായിരുന്നു നിർദേശം. ഗ്രൂപ്പ് തിരിച്ചാണ് വാക്കുകളും അർഥവും നിഘണ്ടുവിന്റെ സഹായത്തോടെ മത്സരിച്ച് കണ്ടുപിടിക്കുന്നത്.

കൂടുതൽ വേഗത്തിൽ കൃത്യതയോടെ കണ്ടുപിടിക്കുന്നവർക്ക് നിശ്ചിത മാർക്ക് നേരത്തേ തയ്യാറാക്കിയ സ്കോർബോർഡിൽ രേഖപ്പെടുത്തുമെന്നതിനാൽ മത്സരിച്ചാണ് വാക്കുകളും വാക്കർഥവും ഓരോ ഗ്രൂപ്പും കണ്ടുപിടിക്കുന്നത്. അപ്പോഴാണ് അവളെ ശ്രദ്ധിച്ചത്.

സുരഭി, അവൾ തല താഴ്ത്തിയാതൊരു ഭാവഭേദവുമില്ലാതെ ഒരേയിരുപ്പാണ്. ദിവസവും അവളെ എന്റെ ഇരുചക്രവാഹനത്തിൽ ഇരുത്തിയാണ് സ്കൂളിൽ എത്തിക്കുന്നതും തിരിച്ച് താമസസ്ഥലത്തേക്കു കൊണ്ടുപോകുന്നതും. അവളുടെ മനസ്സിനെ കൊത്തിവലിക്കുന്ന ദു:ഖകാരണമെന്തെന്നറിയാൻ മറ്റുള്ള കുട്ടികളുടെ മുമ്പിൽ വച്ച് ആ സമയം തുനിഞ്ഞില്ല. അടുത്തുള്ള അഗതിമന്ദിരത്തിൽ താമസിക്കുന്ന കുട്ടിയാണ്. നാടങ്ങ് ദൂരെയാണ്.

അമ്മയുടെയും അച്ഛന്റെയും സ്നേഹം കിട്ടാതെ, സ്നേഹജലത്തിന്റെ കുളിർമയറിയാതെ, അഗതിമന്ദിരത്തിലെ പതിവുകാഴ്ചകളുടെ നടുത്തളത്തിൽ ജീവിതം ഉന്തിനീക്കാൻ നിർബന്ധിതരായ അനേകം പേരിൽ ഒരാൾ.

ഇടവേളയുടെ ബെല്ലും പ്രശാന്തൻ ആഞ്ഞ് മുട്ടി. വീണ്ടും കുട്ടികളുടെ കലപില ശബ്ദം... മലയാളികളുടെയും തമിഴരുടെയും ഹിന്ദിക്കാരുടെയും ഓരോ തുരുത്ത് അങ്ങിങ്ങായ് രൂപപ്പെടുകയായ്... അവരവർ രൂപപ്പെടുത്തിയ കളികളുമായി...

ഞാൻ മെല്ലെ ക്ലാസ്സിൽ കയറി. അവൾ അപ്പോഴും ഡെസ്ക്കിൽ തല പൂഴ്ത്തി കിടക്കുകയാണ്. ഒട്ടകപക്ഷിയെപ്പോലെ. ഞാൻ മെല്ലെ അവളെ തൊട്ടുണർത്തി വിളിച്ചു:

''സുരഭീ...''

അവൾ കേട്ട ഭാവം നടിച്ചില്ല. നീണ്ട ശ്രമത്തിനൊടുവിൽ കാര്യമെന്തെന്ന് മനസ്സിലായി...

ഓർമകൾ മിന്നൽപ്പിണർ പോലെ കുറച്ച് പിറകോട്ട് പോയി.

പുതിയ അധ്യായനവർഷം

**കൃത്യതയോടെ കണ്ടുപിടിക്കുന്നവർക്ക് നിശ്ചിത മാർക്ക് സ്കോർബോർഡിൽ രേഖപ്പെടുത്തുമെന്നതിനാൽ മത്സരിച്ചാണ് വാക്കുകളും വാക്കർഥവും ഓരോ ഗ്രൂപ്പും കണ്ടുപിടിക്കുന്നത്. അപ്പോഴാണ് അവളെ ശ്രദ്ധിച്ചത്. സുരഭി തല താഴ്ത്തിയാതൊരു ഭാവഭേദവുമില്ലാതെ ഒരേയിരുപ്പാണ്. ദിവസവും അവളെ എന്റെ ഇരുചക്രവാഹനത്തിൽ ഇരുത്തിയാണ് സ്കൂളിൽ എത്തിക്കുന്നതും തിരിച്ചുകൊണ്ടുപോകുന്നതും.**

ആരംഭിച്ച ജൂൺ മാസത്തിലെ ഏതോ ഒരു ദിനം. ഓർമകൾ പെരുമഴയായ് പെയ്യുകയാണ് മനസ്സകത്തിൽ.

ആറാം ക്ലാസ്സിലെ കുട്ടികളുടെ ഫോട്ടോയും അവരുടെ ആഗ്രഹവും മറ്റു വിവരങ്ങളും അടങ്ങിയ ചാർട്ട് ക്ലാസ്സ് ചുമരിൽ തയ്യാറാക്കി തൂക്കിയിരുന്നു. അതിൽ കുരുന്നുകളുടെ ജന്മദിന തീയതികളും ഉണ്ടായിരുന്നു. സുരഭിക്ക് ഭാവിയിൽ പോലിസ് ഓഫീസർ ആകണമെന്നായിരുന്നു രേഖപ്പെടുത്തിയിരുന്നത്.

തങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഊഴമനുസരിച്ച് ക്ലാസ്സിലെ കുട്ടികൾ അവരവരുടെ ജന്മദിനം ആഘോഷിച്ചിരുന്നു. വിട്ടുപോകുന്നവരെ മുൻകൂട്ടി കൂട്ടുകാർ ചാർട്ട് നോക്കി ഓർമപ്പെടുത്തുകയും ചെയ്തിരുന്നു. ഇനി രണ്ട് ദിവസം കഴിഞ്ഞാൽ അവളുടെ ജന്മദിനമാണ്. എങ്ങനെ ആഘോഷിക്കും എന്ന ചിന്ത... കൂട്ടുകാർക്ക് മറ്റുള്ളവർ കൊടുക്കുന്നതു പോലെ മിഠായി കൊടുക്കണം... കാണാൻ ചേലില്ലെങ്കിലും നിറം മങ്ങിയ ഒരു വർണ്ണക്കുപ്പായമെങ്കിലും ഇടണം... പക്ഷേ എങ്ങനെ?... ആരോട് പറയാൻ?... ആര് വാങ്ങിത്തരും?...

അങ്ങകലെനിന്ന് അമ്മ... അല്ല രണ്ടാനമ്മയുടെയും അച്ഛന്റെയും വിളി കേട്ടിട്ട് കാലമേറെയായി... ഇങ്ങനെയൊരു ജന്മം ഇവിടെ ജീവിക്കുന്നുണ്ടോ ഇല്ലയോ എന്നവർ ഓർമിക്കുന്നുണ്ടോ ആവോ?

ഇത്യാദി നോവേറും ചിന്തകൾ അവളുടെ കരഞ്ഞു കലങ്ങിയ കണ്ണുകളിൽനിന്ന് ഊറ്റിയെടുത്ത് വായിക്കാമായിരുന്നു. മറ്റന്നാൾ അവളുടെ പിറന്നാൾ ആണ്. അത് ഏതായാലും സാധ്യമായ രീതിയിൽ നടത്താനുള്ള തിരുമാനം മനസ്സിൽ കോറിയിട്ടു. പ്രശ്നം മറ്റ് അധ്യാപകരോട് പങ്കുവച്ചു. അവർ എന്റെ തീരുമാനത്തിന് കൈത്താങ്ങായി നിന്നു.

**കാലത്തിന്റെ കലണ്ടർത്താളുകൾ ചുമരുകളിൽ മാറി മറഞ്ഞു. സുരഭി ആ അധ്യയനവർഷം പൂർത്തിയാക്കിയില്ല. അവളിരുന്ന സ്ഥലം ഇന്ന് ശൂന്യമാണ്. പിന്നീട് അവളെ ആ അഗതിമന്ദിരത്തിൽനിന്ന് രക്ഷിതാക്കൾ നിർബന്ധപൂർവം നാട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി.**

സാധാരണ കുട്ടികൾക്ക് കൊടുക്കാറുള്ള ചോറും സാമ്പാറിനും പകരം അവളുടെ പിറന്നാൾദിനം പ്രമാണിച്ച് പ്രത്യേകമായി കോഴിക്കറിയും മറ്റു വിഭവങ്ങളും ഒരുക്കാൻ തീരുമാനിച്ചു. ഈയുള്ളവൻ അവൾക്കൊരു ഉടുപ്പും വാങ്ങിവച്ചു. കൂടെ പിറന്നാൾമധുരം പങ്കുവയ്ക്കാൻ ഒരു മിഠായിപായ്ക്കറ്റും.

തിരുമാനം മണത്തറിഞ്ഞത് പോലെ, പിറ്റേന്ന് അവൾ വന്നത് സന്തോഷവതിയായിട്ടായിരുന്നു. അവസാനത്തെ ലോങ്ങ് ബെല്ല് വരെ ആ സന്തോഷം അവളുടെ മുഖത്ത് പ്രകടമായിരുന്നു.

അവസാന പീരിഡിന്റെ ആലസ്യക്കിടക്കയിൽനിന്ന് അവളെ ഞാൻ ഒറ്റയ്ക്ക് വിളിച്ചുവരുത്തി, അഭിമാനക്ഷതമേൽപ്പിക്കാതെ, മറ്റു കുട്ടികൾ കാണാതെ അവൾക്കായി വാങ്ങിവച്ച പുതുമണം മാറാത്ത ആ വസ്ത്രം കൈമാറി. ആ സമയത്ത് അവളുടെ തുടുത്ത കവിളുകളിലൂടെ വീണ്ടും കണ്ണീർച്ചാലുകൾ ഒഴുകി. സന്തോഷത്തിന്റെ കണ്ണീരുറവ.

വൈകുന്നേരത്തെ ഇളം വെയിൽ തട്ടി അവളുടെ സന്തോഷാശ്രു ചാലിക്കപ്പെട്ട ആ ഇളം വദനം കൂടുതൽ മിന്നിത്തിളങ്ങി.

മുത്തുമാലയിൽനിന്ന് ചരടറ്റ് ഉതിർന്നുവീണ മണിമുത്തുപോലെ, തുള്ളിച്ചാടി അവൾ തലേന്ന് സമ്മാനിക്കപ്പെട്ട വസ്ത്രമിട്ട്, മൊഞ്ചത്തി പുതുനാരിയെപ്പോലെ പതിവിലും നേരത്തേ വിദ്യാലയത്തിലെത്തി. അധ്യാപകരുടെയും കൂട്ടുകാരുടെയും മനസ്സകത്തിൽ പ്രകാശം പരത്തിയ മിന്നാമിനുങ്ങിൻ നുറുങ്ങുവെട്ടമായി അവൾ പരിസരമാകെ പാറിക്കളിച്ചു. തെല്ലഹങ്കാരത്തോടെയും അഭിമാനബോധത്തോടു കൂടിയും തലയുയർത്തി അവൾ നടന്നു.

കാലത്തിന്റെ കലണ്ടർത്താളുകൾ ചുമരുകളിൽ മാറി മറഞ്ഞു. സുരഭി ആ അധ്യയനവർഷം പൂർത്തിയാക്കിയില്ല. അവളിരുന്ന സ്ഥലം ഇന്ന് ശൂന്യമാണ്. പിന്നീട് അവളെ ആ അഗതിമന്ദിരത്തിൽനിന്ന് രക്ഷിതാക്കൾ നിർബന്ധപൂർവം നാട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി.

കരിപുരണ്ട പാത്രങ്ങൾക്കിടയിലും വക്ക് പൊട്ടിയ അടുപ്പിൻ കല്ലുകൾക്കിടയിലും ഞെരിഞ്ഞമർന്ന് ജീവിക്കാൻ വിധിക്കപ്പെട്ട്, രണ്ടാനമ്മയുടെ തുറിച്ച കണ്ണുകളെ സ്വപ്നം കണ്ട് ഞെട്ടിയുണരാൻ വിധിക്കപ്പെട്ട്... എന്റെ സ്വന്തം സുരഭി... ഇപ്പോൾ എവിടെയാണാവോ? എന്തെടുക്കുകയാണാവോ?

# നന്മമലയാളം

**ഹരിദാസ് സാരംഗി**





വര: ആശ ആർ

അമ്മിഞ്ഞപ്പാലമൃതിന്നൊപ്പം
അമ്മ പകർന്നത് മലയാളം.
സ്വർണത്താലെൻ നാവിലുരച്ചത്
നന്മ നിറഞ്ഞൊരു മലയാളം.
തുഞ്ചൻ പാടിയ പാട്ടിൽ തത്തകൾ
കൊഞ്ചിപ്പാടിയ മലയാളം.
കുഞ്ചൻ പാടിയ തുള്ളൽ പാട്ടിൽ
തഞ്ചം ചേർന്നൊരു മലയാളം.
കൈകൊട്ടിക്കളി താളത്താലേ
കോൾമയിർ കൊള്ളും മലയാളം
വള്ളംകളിയുടെ താളത്താലെൻ
ഉള്ളം തുള്ളും മലയാളം
കേരം തിങ്ങും കേരളനാടിത്
കീർത്തി കലർന്നൊരു മലയാളം
കഥകളിമേളം കേട്ടുണരുന്നൊരു
കലയുടെ നാടെൻ മലയാളം
ഭംഗിയൊടനുരാഗക്കഥ പാടിയ
ചങ്ങമ്പുഴയുടെ മലയാളം.
ഭക്തൻ പൂന്താനത്തിൻ പാനകൾ
നിത്യം കേൾക്കും മലയാളം.



## സ്കൂൾക്കഥകൾക്ക് മുണ്ടശ്ശേരി പുരസ്കാരം




കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച *സ്കൂൾക്കഥകൾ* എന്ന പുസ്തകത്തിന് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡ് ലഭിച്ചു. അറിയപ്പെടുന്ന ബാലസാഹിത്യകാരനായ ശ്രീ എം കൃഷ്ണദാസ് ആണ് ഈ കൃതി രചിച്ചത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായ സമിതിയാണ് 10,000 രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്ന അവാർഡ് പ്രഖ്യാപിച്ചത്. ബി ആർ സി ട്രെയിനറായ എം കൃഷ്ണദാസ് ഇപ്പോൾ അട്ടപ്പാടി ജി എൽ പി സ്കൂളിലെ ഹെഡ്മാസ്റ്ററാണ്.

# പനയോലക്കുടിലിന്റെ മഹത്ത്വം

**സിപ്പി പള്ളിപ്പുറം**

വിദർഭയിലെ പേരുകേട്ട ഒരു പഠനകേന്ദ്രമായിരുന്നു വിദ്യാനഗരം. അവിടത്തെ പ്രധാന ആചാര്യനായിരുന്നു ജ്ഞാനദാസൻ. അയൽനാടുകളിലെ ജനപഥങ്ങളിൽനിന്നു വരുന്ന പാവപ്പെട്ട കുട്ടികളോടായിരുന്നു ജ്ഞാനദാസന് കൂടുതൽ പ്രിയം. അറിവു പകരുക എന്നതുമാത്രമല്ല; അതോടൊപ്പം തന്റെ ശിഷ്യന്മാരെ നേരും നെറിവുമുള്ളവരാക്കി വളർത്തുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധവച്ചിരുന്നു.



പണ്ഡിതന്മാരും പാമരന്മാരും നാട്ടിലെ പ്രഭുക്കന്മാരും പുരോഹിതന്മാരും മാത്രമല്ല നാടുവാഴുന്ന രാജാക്കന്മാർപോലും ജ്ഞാനദാസനെ നന്നായി ആദരിച്ചിരുന്നു. എങ്കിലും സ്വന്തം ആദർശങ്ങളെ ഉയർത്തിപ്പിടിക്കുന്നതിൽ അദ്ദേഹം ഒരു വിട്ടുവീഴ്ചയും കാണിച്ചിരുന്നില്ല.


ഒരിക്കൽ ജ്ഞാനദാസനും ശിഷ്യന്മാരും പേരുകേട്ട പുണ്യസ്ഥലങ്ങളിലേക്ക് ഒരു തീർഥയാത്ര നടത്തുകയായിരുന്നു. വഴിയിൽ അദ്ദേഹത്തെ സ്വീകരിക്കാനും അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾ നേടിയെടുക്കുവാനും ധാരാളം ആരാധകർ കാത്തുനിൽക്കുന്നുണ്ടായിരുന്നു.

മാണിക്യപുരിയിലെത്തിയപ്പോൾ പട്ടുടുപ്പണിഞ്ഞ് രത്നമാലയും ചാർത്തി നിൽക്കുന്ന ഒരാൾ ജ്ഞാനദാസന്റെ മുന്നിലേക്കു കടന്നുചെന്നു. ''മഹാപ്രഭോ, അങ്ങേക്കു വന്ദനം! ഞാൻ ഇന്നാട്ടിലെ പേരുകേട്ട ഒരു രത്നവ്യാപാരിയാണ്. പേര് ധനപാലൻ. അങ്ങ് ഇപ്പോൾ തന്നെ എന്റെ ബംഗ്ലാവിലേക്കു വരണം. അവിടെ ഞാൻ നൂറു പണ്ഡിതന്മാരെ വിളിച്ചുകൂട്ടിയിട്ടുണ്ട്. നൂറ്റൊന്നു പണ്ഡിതന്മാരെ ഒരുമിച്ച് ആദരിക്കണമെന്നാണ് എന്റെ ആഗ്രഹം. നൂറ്റൊന്നു വിഭവങ്ങളോടുകൂടിയ സദ്യവട്ടങ്ങളും നൂറ്റൊന്ന് അമൂല്യസമ്മാനങ്ങളും ഞാനവിടെ ഒരുക്കിവച്ചിട്ടുണ്ട്. വന്ന് സ്വീകരിച്ചാലും.'' ധനപാലൻ ക്ഷണിച്ചു.

''ക്ഷമിക്കണം ധനപാലാ, ക്ഷമിക്കണം. ഞാനൊരു പുണ്യയാത്രയിലാണ്. ഇതിനിടയിൽ അമൂല്യസമ്മാനം എനിക്കൊരു ഭാരമാകും. ഇപ്പോൾ വേണ്ട.'' ധനപാലനെ വണങ്ങിക്കൊണ്ട് ജ്ഞാനദാസൻ ശിഷ്യന്മാരോടൊപ്പം നടന്നുനീങ്ങി.

അല്പദൂരം നടന്ന് രാജരാജപുരത്തെത്തിയപ്പോൾ ഒരു രാജദൂതൻ വന്ന് അദ്ദേഹത്തെ തടഞ്ഞുനിറുത്തി.

''മഹാഗുരോ, നാടുവാഴുന്ന പൊന്നുതിരുമേനി ശുകസേനനാണ് എന്നെ ഇവിടേക്കയച്ചത്. അത്യാവശ്യമായി അങ്ങ് കൊട്ടാരത്തിലേക്കു വരണം. അവിടെ വന്ന് ശുകസേനനെ പുകഴ്ത്തുന്ന ഒരു രാജസ്തുതി എഴുതിക്കൊടുക്കണം. വേഗം വരൂ. കൊട്ടാരത്തിൽ അമൂല്യസമ്മാനങ്ങളുമായി



വര: സന്തോഷ് വെളിയന്നൂർ

**രാജദൂതനോട് യാത്രപറഞ്ഞ് ജ്ഞാനദാസനും കൂട്ടരും പിന്നെയും മുന്നോട്ടുനീങ്ങി. കുറേദൂരം നടന്ന് അവർ പ്രശാന്തപുരം എന്ന സ്ഥലത്തെത്തി. അപ്പോൾ ശാന്തമായ മുഖഭാവത്തോടും നിർമലമായ ചിരിയോടുംകൂടി ഒരു യുവസന്ന്യാസിയും കുറേ ശിഷ്യന്മാരും അവിടെ കൈകൂപ്പി നിൽക്കുന്നതു കണ്ടു.**

മഹാരാജൻ അങ്ങയെ കാത്തിരിക്കുകയാണ്.'' രാജദൂതൻ വണക്കത്തോടെ അറിയിച്ചു. അതുകേട്ട് ജ്ഞാനദാസൻ പറഞ്ഞു: ''രാജദൂതാ, ഞാനിപ്പോൾ വ്രതത്തിലും പ്രാർഥനയിലുമാണ്. അതിന്റെ ഭാഗമായി ഞാനിപ്പോൾ പുണ്യസ്ഥലങ്ങൾ സന്ദർശിക്കാൻ പോവുകയാണ്. അതിനിടയിൽ ഒരക്ഷരംപോലും എനിക്കു കുറിക്കാൻ സാധ്യമല്ല. വിവരമെല്ലാം തിരുമേനിയോടു പറഞ്ഞേക്കൂ.''

രാജദൂതനോട് യാത്രപറഞ്ഞ് ജ്ഞാനദാസനും കൂട്ടരും പിന്നെയും മുന്നോട്ടുനീങ്ങി. കുറേ ദൂരം നടന്ന് അവർ പ്രശാന്തപുരം എന്ന സ്ഥലത്തെത്തി. അപ്പോൾ ശാന്തമായ മുഖഭാവത്തോടും നിർമലമായ ചിരിയോടുംകൂടി ഒരു യുവസന്ന്യാസിയും കുറേ ശിഷ്യന്മാരും അവിടെ കൈകൂപ്പി നിൽക്കുന്നതു കണ്ടു. യുവസന്ന്യാസി ഭവ്യതയോടെ പറഞ്ഞു: ''ഗുരോ, ഞാൻ ദേവസുമൻ. കൂടെയുള്ളത് എന്റെ ശിഷ്യന്മാരാണ്. ഇവർക്ക് അങ്ങയുടെ ഒരു പ്രഭാഷണം കേൾക്കാൻ വല്ലാത്ത കൊതിയുണ്ട്. സമയം അനുവദിക്കുമെങ്കിൽ അങ്ങ് ഞങ്ങളോടൊപ്പം വരണം.''

അതു കേൾക്കേണ്ട താമസം; ജ്ഞാനദാസൻ തന്റെ ശിഷ്യന്മാരെയും കൂട്ടി അവരോടൊപ്പം ദേവസുമന്റെ ആശ്രമത്തിലേക്കു പോയി. ഒരു പനയോലക്കുടിലായിരുന്നു അവരുടെ ആശ്രമം. അവർ നൽകിയ സ്നേഹസത്കാരം ഗുരുവും ശിഷ്യന്മാരും ഏറ്റുവാങ്ങി. അതിനുശേഷം ജ്ഞാനദാസൻ വളരെ സമയം അവരുമായി സംവദിച്ചു. കണ്ണും കാതും തുറന്നുവച്ചാണ് അവർ അദ്ദേഹത്തിന്റെ ഓരോ വാക്കും ശ്രദ്ധിച്ചത്. ജീവിതത്തിൽ അവർക്കു കിട്ടിയ വലിയ വെളിച്ചമായിരുന്നു അത്. നിറഞ്ഞ സന്തോഷത്തോടും ഉന്മേഷത്തോടും കൂടിയാണ് ഗുരു അവിടെനിന്നും മടങ്ങിയത്.

അവിടെനിന്നും തിരിച്ചു പോരുമ്പോൾ ഒരു ശിഷ്യൻ ചോദിച്ചു: ''ഗുരോ, അമൂല്യമായ സമ്മാനവും നൂറ്റൊന്നുകൂട്ടം വിഭവങ്ങളുമുള്ള സദ്യയും ഒഴിവാക്കി അങ്ങെന്തിനാണ് ആ ഓലക്കുടിലിലേക്ക് പോയത്?''

അപ്പോൾ ജ്ഞാനദാസൻ പറഞ്ഞു: ''അതു നിങ്ങൾക്കു മനസ്സിലായില്ല അല്ലേ? രത്നവ്യാപാരിക്ക് പണ്ഡിതന്മാരെ ആദരിച്ച് വലിയ ആളാകണം. രാജാവിന് തന്നെപ്പറ്റിയുള്ള മുഖസ്തുതിയും പൊങ്ങച്ചവും കേട്ട് ഊറ്റം കൊള്ളണം. ഇതുരണ്ടും സ്വാർഥചിന്തയാണ്. സ്വാർഥത മനുഷ്യനെ നശിപ്പിക്കും. അതിനു കൂട്ടുനിൽക്കാതിരിക്കാൻ വേണ്ടിയാണ് ഞാൻ അവരുടെ ക്ഷണം ഉപേക്ഷിച്ചത്.'' ജ്ഞാനദാസൻ പറഞ്ഞുനിർത്തി.

''അപ്പോൾ ഓലക്കുടിലിലേക്കു പോയതോ?'' നേരത്തേ ചോദിച്ച ശിഷ്യൻ ചോദ്യം ആവർത്തിച്ചു.

''അതുപറയാം. ദേവസുമനും ശിഷ്യന്മാരും നമുക്ക് ഒരു പ്രലോഭനവും നൽകിയില്ല. അവർ യാചിച്ചത് അല്പം സദുപദേശം തങ്ങൾക്കു നൽകണം എന്നുമാത്രമാണ്. അതുകൊണ്ടാണ് നമ്മൾ കൊട്ടാരവും ബംഗ്ലാവും വെടിഞ്ഞ് അവരുടെ പനയോലക്കുടിലിലേക്കു പോയത്. മനസ്സിലായോ? പണച്ചാക്കുകളുടെ അരികിലേക്കല്ല; അറിവുനേടാനാഗ്രഹിക്കുന്ന പാവപ്പെട്ടവന്റെ സവിധത്തിലേക്കാണ് നാം ചെല്ലേണ്ടത്.''

ജ്ഞാനദാസന്റെ മറുപടി അവരുടെ മനസ്സിന്റെ ആഴങ്ങളിലേക്ക് കുളിർമഴയായി പെയ്തിറങ്ങി. ഗുരുവിനോടുള്ള അവരുടെ സ്നേഹവും ആദരവും അതോടെ പതിന്മടങ്ങ് വർധിച്ചു.



# കണക്കുകൂട്ടൽ

എം കൃഷ്ണദാസ്



ദൂരെനിന്നു വിളിച്ചുപറയുന്ന ശബ്ദം കേട്ടതേ ഞങ്ങൾ അമ്മയോട് ചില്ലറയ്ക്കുവേണ്ടി, അലക്കുന്നേടത്തു ചെന്ന് കെഞ്ചി.

''ന്റെ കയ്യിലൊന്നുമില്ല... ഏട്ടനോട് പോയി ചോദിക്കിൻ...''

''ന്റടുത്തില്ല, മാമനോട് ചോദിക്കൂ...'' ഏട്ടൻ കൈയൊഴിഞ്ഞു.

''മാമാ, എട്ടണ തര്വോ ഐസ് വാങ്ങാനാ...''

''ഇല്ല മക്കളേ... അച്ഛനോട് ചോദിക്കൂ...''

''അച്ഛാ, എട്ടണ തര്വോ ഐസ് വാങ്ങാൻ...''

ഉമ്മറത്ത് കസേരയിലിരിക്കുന്ന അച്ഛന്റടുത്തെത്തി ഇരക്കൽ.

''നാലണ പിടിച്ചോളിൻ... ഇതൊരു ശീലാക്കേണ്ട...''

അരയിലെ ബെൽറ്റിന്റെ അറയിൽനിന്നും നാലണ എടുത്തുനീട്ടി. ഉള്ളിലാഗ്രഹിച്ചത്ര പണം കിട്ടീലെങ്കിലും ആയതായില്ലേ കരുതി വാങ്ങി.

അടുക്കളയിൽനിന്നും സ്റ്റീൽ തടുക്കുമെടുത്ത് അത്താണിയുടെ അടുത്തേക്ക് അനിയത്തിയുടെ തോളിൽ കയ്യിട്ടുകൊണ്ട് ചെല്ലുമ്പോൾ, ഷാപ്പിൻകുന്ന് ഇറക്കമിറങ്ങി, *കുണ്ടനിട്ട്ളിലൂടെ വിളി അരികില്ലിപ്പാടത്തെത്തിക്കൊണ്ടിരുന്നു.

''നാലണയ്ക്ക് അഞ്ച് ഐസ് കിട്ടും. എട്ടണയായിരുന്നേൽ പാലൈസ് വാങ്ങായിരുന്നു. ഇതുകൊണ്ട് കളറൈസ് വാങ്ങാനേ പറ്റൂ, എന്നാൽത്തന്നെ അഞ്ചെണ്ണമേ കിട്ടൂ. അമ്മയ്ക്ക്, അച്ഛന്, അമ്മാമയ്ക്ക്, ഏട്ടന്, ഓരോന്നു കൊടുത്താൽ പിന്നെ, ഞങ്ങൾക്ക് ഓരോന്നെടുക്കാനുണ്ടാവില്ലെന്ന് കണക്കുകൂട്ടി നിൽക്കുമ്പോൾ, വിളി ഇട്ട്ള് കടന്ന് പിള്ളക്കണ്ടത്തിന്റെ നടവരമ്പിലേക്കിറങ്ങി:

''മീൻ വേണോ മീൻ... മത്തീ, ഐലാ, ചമ്പല്ലീ...''

വര: ടി ആർ രാജേഷ്

*കുണ്ടനിട്ട്ള് – കുണ്ടനിടവഴി



കഥ

# കുഞ്ഞോമനകൾ

ഒ കെ ശൈലജ

വര: ടി ആർ രാജേഷ്

ഈ തണുത്ത പ്രഭാതത്തിൽ പൊൻകിരണങ്ങളേറ്റ് പൂക്കൾ ഒന്നുകൂടി മനോഹരമായിരിക്കുന്നു.

അവൾ ഓരോ മലരും തലോടിക്കൊണ്ട് ചെടികൾക്കിടയിലൂടെ നടന്നു.

ഹായ്!!

തന്റെ സുന്ദരിമുല്ല പിഞ്ചുകുഞ്ഞിനെപ്പോലെ കൊച്ചരിപ്പല്ല് കാട്ടിച്ചിരിക്കുന്നു. പനിനീർപ്പൂക്കളാകട്ടെ തങ്ങളുടെ നിറലാവണ്യവും സൗരഭ്യവും പരത്തിക്കൊണ്ട് തലയെടുപ്പോടെ മന്ദസ്മിതം തൂകിക്കൊണ്ട് നൃത്തമാടുന്നു.

എത്ര സുന്ദരമായ പൂക്കൾ!

സൗരഭ്യം പരത്തി മധുപനെ വരവേൽക്കാനായി വിടർന്നു വിരാജിക്കുന്നു. എത്ര ദിവസമാണ് ഇവയുടെ ആയുസ്സ്?

പനിനീർപ്പൂക്കൾ പറിക്കാനായി നീട്ടിയ കൈ പിൻവലിച്ചുകൊണ്ട് ഒരു നിമിഷം അവൾ ചിന്തിച്ചു!

നമുക്ക് വേണ്ടിയല്ലേ ഈ കുഞ്ഞോമനകൾ വിടർന്നു പരിമളം പരത്തുന്നത്. കണ്ണും കരളും കവരുന്ന ഈ നറുമലരുകൾ ചെടിയിൽ തന്നെ നിൽക്കട്ടെ...

വേണ്ട.... പറിച്ചെടുക്കേണ്ട...



# പായുന്ന കടൽക്കുതിരകൾ

വി യു രാധാകൃഷ്ണൻ



**കുതിരയുടെ തലയും കട്ടിയായ പുറംചട്ടയും വാലും ഒക്കെ ച്ചേർന്ന രൂപമാണ് കടൽക്കുതിരകളുടേത്. തീരത്തോടടുത്ത്, പായലുകളിൽ ഇടചേർന്ന് ജീവിക്കുന്ന ഈ പാവം ജീവികളുടെ കൗതുകരൂപവും സ്വഭാവവൈവിധ്യവും ഇവയുടെ നിലനിൽപ്പിന് ഭീഷണിയുണ്ടാക്കുന്ന വേട്ടകളിലേക്കു നയിച്ചിട്ടുണ്ട്. ഓരോവർഷവും കോടിക്കണക്കിന് കടൽക്കുതിരകൾ വ്യാപാരവിധേയമാകുന്നുവെന്നാണ് കണക്ക്.**

കടലിൽക്കുതിരകളോ? കൂട്ടുകാർക്ക് അങ്ങനെ ഒരു സംശയം ഉണ്ടായോ? ആകൃതിയുടെ ബിംബം മനസ്സിൽ പ്രതിഷ്ഠിച്ചതാകാം അങ്ങനെയൊരു സംശയത്തിനു നിദാനം. നീണ്ടു കൂർത്ത മുഖവും കാലും വാലും ഒക്കെ ചേർന്ന ചേതോഹര രൂപമാണ് കുതിരയുടേത്. ഈ രൂപത്തിൽ കടൽജലത്തിൽ നീങ്ങുന്ന ജീവികളെ കണ്ടാൽ ബോധ്യമാകും ഇത് കടൽക്കുതിരതന്നെ. പക്ഷേ വലിപ്പത്തിലാണ് വ്യത്യാസം. കരയിലെ കുതിരകളേക്കാൾ നന്നേ ചെറുതായ കടൽക്കുതിരകളുടെ (Sea horse) വലിപ്പം ഏതാണ്ട് 16മി.മീ മുതൽ 35 സെ.മീ വരെയാണ്. തീരത്തോടടുത്ത്, പായലുകളിൽ ഇടചേർന്ന് ജീവിക്കുന്ന ഈ പാവം ജീവികളുടെ കൗതുകരൂപവും സ്വഭാവവൈവിധ്യവും ഇവയുടെ നിലനിൽപ്പിന് ഭീഷണിയുണ്ടാക്കുന്ന വേട്ടകളിലേക്കു നയിച്ചിട്ടുണ്ട്. Hippocampus എന്നാണ് ഇംഗ്ലീഷ് നാമം. Hippo – കുതിര, campus – വലിയ ജന്തു. ഇതിൽനിന്നുണ്ടായ പേരിൽ കടൽക്കുതിര ലബ്ധപ്രതിഷ്ഠ നേടിയിരിക്കുന്നു. ഇവയ്ക്ക് കടൽജലത്തിൽ ജീവിക്കാനുള്ള പല അനുകൂലനങ്ങളുമുണ്ട്. കടൽക്കുതിരകൾ അവയുടെ വാൽ തൂക്കിയിട്ട്, ചുരുണ്ട് ജലപ്രവാഹത്തിലൂടെ സഞ്ചരിക്കുന്നു. കടൽക്കുതിരകൾ മത്സ്യങ്ങളാണോ? കരയിലെ കുതിരകൾ സസ്തനികളാണെങ്കിൽ കടലിലെ കുതിരകൾ മത്സ്യങ്ങളാണ്. Syngnathidae എന്ന കുടുംബത്തിൽപ്പെട്ട ഒരുതരം മത്സ്യമാണിവ. Hippocampus എന്ന ഇവ ഉഷ്ണമേഖലാ കടലുകളിലാണ് കാണപ്പെടുന്നത്.

## രൂപവൈവിചിത്ര്യമുള്ള ജലജന്തു

കുതിരയുടെ തലയും കട്ടിയായ പുറംചട്ടയും വാലും ഒക്കെച്ചേർന്ന രൂപമാണിവയു

ടേത്. വാലുകൊണ്ട് ചുറ്റിപ്പിടിച്ചുനിന്ന് ജലപ്രവാഹത്തിനൊപ്പം നീങ്ങാതെനിൽക്കുന്നതാണ് പ്രകൃതം. വേണമെങ്കിൽമാത്രം ചിറക് ചലിപ്പിച്ച് നീങ്ങാനാരംഭിക്കുന്നു. ശരീരത്തിനകത്തെ വായുഅറയിലെ വായുവിനെ ക്രമീകരിച്ച് ഉയരാനും താഴാനും ശ്രമിക്കുന്നു. ചെമ്മീൻ, മൊളസ്ക്കുകൾ എന്നിവയെ ഭക്ഷണമാക്കുന്നു. നല്ല കാഴ്ചശക്തിയുള്ള ഇവയ്ക്ക് മുന്നോട്ടേക്കും പിന്നോട്ടേക്കും ശ്രദ്ധിക്കാനുമാകും. ത്വക്കിന്റെ നിറം മാറ്റാനും ഈ ജന്തുക്കൾക്കു കഴിയും. ചുറ്റുമുള്ള സാഹചര്യങ്ങളുമായി ഇണങ്ങി ശത്രുക്കളിൽനിന്ന് രക്ഷനേടാൻ പെട്ടെന്നിവയ്ക്കാകും.

## കടൽക്കുതിരകളുടെ ദാമ്പത്യം

ആശ്ചര്യകരമാണ് ഇവയുടെ ഇണയുമൊത്തുള്ള ജീവിതം. ആജീവനാന്തം അതു തുടരുന്നു. കടലിലെ നൃത്തം പോലെയാണ് ഇവരുടെ രണ്ടുപേരുടെയും ഒപ്പമുള്ള സഞ്ചാരം. ഇണ ചേർന്ന് വാലുകളാൽ ചേർത്ത് ഒന്നായശേഷം പെണ്ണിൽനിന്ന് അണ്ഡങ്ങളെ ആണിന്റെ പ്രത്യേക ശരീരഅറയിൽ സംഭരിക്കുന്നു. പുംബീജമതിൽ നിക്ഷേപിച്ച് ബാഹ്യബീജസംയോഗത്തിന് വഴിയൊരുക്കുന്നു. ഗർഭം ധരിക്കുന്ന ആണുങ്ങൾ കുഞ്ഞുങ്ങളെ പ്രസവിക്കുന്ന അപൂർവതയിലേക്ക് തിരിയുന്നു. ഒരുവർഷം 7 തവണ വരെ ഗർഭം ധരിക്കുന്ന ആൺകുതിരകളുണ്ട്. 1500 കുഞ്ഞുങ്ങളെ വരെ പ്രസവിക്കുന്നവർ ഉണ്ട്. വളർച്ചയെത്തും വരെ ആണിന്റെ ഗർഭപാത്രത്തിൽ രക്തക്കുഴലുകളും പ്രത്യേക താപനിയന്ത്രണമാർഗങ്ങളും ഉപ്പിന്റെ അളവും സജ്ജീകരിക്കുന്ന പ്രത്യേക രീതികളുമുണ്ട്.

## അത്യന്തം ഭീഷണിയിൽ

ഓരോവർഷവും കോടിക്കണക്കിന് കടൽക്കുതിരകൾ വ്യാപാരവിധേയമാകുന്നുവെന്നാണ് കണക്ക്. ആസ്ത്മ, ഒടിവ് മുതൽ അനേകം രോഗാവസ്ഥകൾക്ക് മരുന്ന് സ്രോതസ്സായി ഇവയെ വേട്ടയാടുന്നുണ്ട്. കൗതുകവസ്തുക്കൾ നിർമിക്കുന്നതിന് ഇവയെ കൊല്ലുകയോ ശേഖരിക്കുകയോ ചെയ്യാറുണ്ട്. കീചെയിനുകൾ, പേപ്പർ വെയിറ്റുകൾവരെ ഇവയെ ഉപയോഗിച്ചുണ്ടാക്കുന്നുണ്ട്. ട്രോളിംഗും മലിനീകരണവും മൂലം ഇവയുടെ ആവാസകേന്ദ്രങ്ങൾ നഷ്ടമാകുന്നു. രോഗങ്ങൾക്കു വിധേയമാകുന്നവയും ഉണ്ട്. അക്വേറിയത്തിലേക്കും മറ്റുമായി ധാരാളം കടൽക്കുതിരകളെ ശേഖരിക്കുന്നവരുണ്ട്. ഇങ്ങനെ വംശഹത്യയ്ക്ക് വിധേയമാകുന്ന ഈ ജീവികളുടെ ദൈന്യാവസ്ഥ ആഗോളശ്രദ്ധ നേടിയിട്ടുണ്ട്.

## പ്രസവിക്കുന്ന അച്ഛൻ

പ്രസവിക്കുന്ന ആണുങ്ങളോ? സംശയിക്കേണ്ട. കടൽക്കുതിരകളിൽ കാണപ്പെടുന്ന പ്രതിഭാസമാണിത്. ആണും പെണ്ണുമെന്ന അവസ്ഥയുള്ള ഇവരിൽ പെൺകടൽക്കുതിരകൾ മുട്ട







**ലംബദിശയിലാണ് ഇവരുടെ സഞ്ചാരം. തലയെപ്പോഴും ഉടലിന്റെ 90° അക്ഷത്തിൽ തിരിച്ചുപിടിക്കും. മട്ടകോൺ രൂപത്തിൽ ശരീരം പിടിച്ച് മേലോട്ടേക്കും താഴോട്ടേക്കും സഞ്ചരിക്കുന്നവരാണിവർ. കടൽപായലുകളുടെ ഇടയ്ക്കായും കടലിടുക്കിലും പവിഴപ്പുറ്റുകളിലും ചതുപ്പുകളിലുംവരെ ഇവയെ കാണാം.**



യിട്ടത് നിക്ഷേപിക്കുന്നത് ആൺവർഗത്തിന്റെ ശരീരത്തിലെ പ്രത്യേകഭാഗത്താണ്. കംഗാരുവിന്റെ ശരീരത്തിലേതുപോലുള്ള ഈ അറയിൽ മുട്ടകൾ പാകമാകുംവരെ കിടക്കുന്നു. അതിൽനിന്നും വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾ പുറത്തുവരുന്നത് കാണുമ്പോൾ അച്ഛൻ പ്രസവിക്കുന്നതായിക്കാണാം. അതിന്റെ പേരിൽ പ്രസവിക്കുന്ന അച്ഛൻ എന്ന വിശേഷണവും ഈ ജീവികൾക്കു കൈവന്നു. ജീവലോകത്തിന് തീരെ പരിചയമില്ലാത്ത ഈ സ്വഭാവം ഈ വർഗത്തിന് തനിമ നൽകുന്നു.

## നിൽപ്പുയാത്രികർ

ലംബദിശയിലാണ് ഇവരുടെ സഞ്ചാരം. തലയെപ്പോഴും ഉടലിന്റെ 90° അക്ഷത്തിൽ തിരിച്ചുപിടിക്കും. മട്ടകോൺ രൂപത്തിൽ ശരീരം പിടിച്ച് മേലോട്ടേക്കും താഴോട്ടേക്കും സഞ്ചരിക്കുന്നവരാണിവർ. കടൽപ്പായലുകളുടെ ഇടയ്ക്കായും കടലിടുക്കിലും പവിഴപ്പുറ്റുകളിലും ചതുപ്പുകളിലുംവരെ ഇവയെ കാണാം.

വാലുകൊണ്ട് പറ്റിപ്പിടിച്ച് നിൽക്കാനാണ് ഇഷ്ടം. മുള്ളുള്ള (അസ്ഥി) മത്സ്യവിഭാഗത്തിൽ

വരുന്ന ഇവയുടെ കഴുത്ത് വളഞ്ഞിരിക്കും. സാധാരണ മത്സ്യങ്ങളുടേതുപോലെ ചെതുമ്പലുകൾ ഇവയ്ക്കില്ല. കനംകുറഞ്ഞ ത്വക്കിനാൽ ശരീരം ആവൃതമാണ്. ഇവയിൽ ഒരുതരം ചിറകുകളെ കാണപ്പെടൂ. മറ്റു മത്സ്യങ്ങളിലിത് രണ്ടുതരമാണ്. അതുപോലെ മത്സ്യങ്ങൾക്കില്ലാത്ത കഴുത്ത് ഇവയ്ക്കുണ്ട്. ലോകത്തുവച്ച് ഏറ്റവും പതുക്കെ നീങ്ങുന്ന മത്സ്യവർഗമാണിവ.

## പരിണാമശാസ്ത്രപഠന സാമഗ്രി

ഈ മത്സ്യങ്ങളുടെ രൂപഘടന പരിണാമശാസ്ത്രം പഠനവിധേയമാക്കിയിട്ടുണ്ട്. 2016 നേച്ചർ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം മത്സ്യങ്ങളിൽ ഏറ്റവും വേഗത്തിൽ പരിണമിച്ചുണ്ടായ വർഗമാണത്രേ ഇവ. ഇവയുടെ നേർരേഖയിലുള്ള നിൽപ്പുരീതി വളരെയധികം വികാസപരിണാമത്തിനു ശേഷമുണ്ടായതാണത്രേ. അതേപോലെ കൂർത്തമുഖം ഇരകളെ പിടിക്കാനും വാരിയെല്ലുകളുള്ള ശരീരം ഇരപിടിയന്മാരെ പേടിപ്പിക്കാനും വേണ്ടി സ്വീകരിക്കപ്പെട്ട അനുകൂലനമാണ്.



## ഇരപിടിയന്മാർ

ഇരകളെ വേട്ടയാടാൻ ഇവരുപയോഗിക്കുന്ന അവയവം നീളൻ തല തന്നെയാണ്. എന്നാൽ വളരെ വിപുലപ്പെടാത്ത ദഹനവ്യൂഹമാണിവയ്ക്ക്. അതുകൊണ്ടുതന്നെ പലതവണ ഭക്ഷിക്കേണ്ടിവരുന്നു.

നല്ല നീന്തൽക്കാരല്ലാത്ത ഇവർ അടുത്തുള്ള വസ്തുവിൽ ചുറ്റിപ്പിടിച്ചുനിന്നാണ് ഇര തേടാറുള്ളത്. ചെറിയ കടൽജീവികളായ ഇരകളെയാണ് സ്വീകരിക്കാറുള്ളത്.

നിറം മാറാനുള്ള കഴിവും ക്ഷമാപൂർവമുള്ള കാത്തിരിപ്പും ഉപരിതലത്തിലെത്തുന്ന ജന്തുക്കളെ ഭക്ഷിക്കാൻ ഇവയെ സഹായിക്കുന്നു. ജലത്തോടൊപ്പം ഇരകളെ ഉള്ളിലേക്കെടുക്കുന്നു.



## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

തളിരിലേക്ക് കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു. സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെട്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനങ്ങൾ നൽകുന്നതാണ്.



# ഗ്രാമവും പട്ടണവും

സുനിൽരാജ് സത്യ

വീടിനു ചുറ്റും മരങ്ങളുണ്ടേ...
മരങ്ങൾക്കുമപ്പുറം മലയുമുണ്ടേ...
മലമേലെയേറിയാൽ വീടു കാണാം!
എന്റെ വിരലിലും കുഞ്ഞിതാണേ...

മല കടന്നാലൊരു പുഴയുമുണ്ടേ...
പുഴ കടക്കാനൊരു വഞ്ചിയുണ്ടേ....
വഞ്ചിയിൽ പോകുവാൻ കാശുമുണ്ടേ...!

പുഴ കടന്നാലൊരു റോഡുമുണ്ടേ...
റോഡിലു നാലഞ്ചു വണ്ടിയുണ്ടേ...
വണ്ടികൾ പായുന്ന ഒച്ചയുണ്ടേ...
ശ്വാസം മുടക്കും പുകയുമുണ്ടേ.



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# പൂത്തുമ്പിയോട്

അമൃത കേളകം

പൊന്നോലത്തുമ്പത്തെ പൂത്തുമ്പിപ്പെണ്ണേ
പുന്നാരംചൊല്ലി നീ പോകുന്നതെങ്ങോ
പാലപ്പൂങ്കാവിലെ വേലയ്ക്കുപോണോ
പാതിരാക്കൊമ്പിലെ താരകംവേണോ
മേലേത്തൊടിക്കലെ,വേലിത്തലയ്ക്കലെ
പൂത്തിരുവാതിരച്ചേലൊന്നുകണ്ടോ?
വെള്ളാമ്പൽപ്പൂവിന്റെ കണ്ണോരം പമ്മുന്ന
കള്ളനാവണ്ടോട് കിന്നാരമുണ്ടോ
ചങ്ങാലിപ്രാവോട് ചങ്ങാത്തംകൂടുവാൻ
ചെഞ്ചോലക്കാട്ടിൽ നീ പോയ് വന്നതാണോ
പച്ചിലക്കൂട്ടിലെ കൊച്ചരിപ്പൂക്കളെ
ഇക്കിളികൂട്ടുവാൻ പോകുന്നതെന്നോ
അയ്യയ്യോ, മുള്ളിൻമുരിക്കുമ്പൂത്തുമ്പത്ത്
തഞ്ചത്തിൽ തത്തിക്കളിക്കുവാനെന്നോ
ആരാരുംകാണാതെ പമ്മിപ്പതുങ്ങുന്ന
പാവമാക്കാവിക്ക്* കൂട്ടിനെന്നോ
മൂവന്തിക്കിണ്ണത്തിൽ തുള്ളിത്തുളുമ്പുന്ന
പൂനിലാപ്പെണ്ണിന്റെ തോഴിയെന്നോ
പുല്ലാഞ്ഞിച്ചോലയിൽ, പൂഞ്ചോലത്തൊട്ടിലിൽ
മുങ്ങാങ്കുഴിക്കുളിർത്തേടിയെന്നോ...
പൂജക്കദളിക്കുടപ്പന്റെ തേൻകുടം
മൊത്തിക്കുടിക്കുവാൻ വന്നതെന്നോ
കച്ചോലംപൂശിയ കൊച്ചിളംകാറ്റോട്
കൊഞ്ചിക്കളിച്ചിടാൻ നിന്നതെന്നോ
പൊന്നോലത്തുമ്പത്തെ പൂവാലിത്തുമ്പി
പൂവെള്ളുമൂത്തു, നീ പോരുന്നെന്നോ
ആടിടാം പാടാം കളിത്തട്ടിലേറിടാം
പൂമാനക്കൊമ്പിലായ് ഊഞ്ഞാലിടാം...

* കാവി - ഹിമാലയത്തിൽനിന്ന്
വരുന്ന ദേശാടനക്കിളി







വര: സചീന്ദ്രൻ കാറഡുക്ക






# ജയപരാജയങ്ങളും സ്പോർട്സ്മാൻ സ്പിരിറ്റും

**ഡോ. അജീഷ് പി ടി**

**നന്നായി കളിക്കുന്നവർക്കും കളി ആസ്വദിക്കുന്നവർക്കും അനിവാര്യമായി വേണ്ട ഒരു ഗുണമാണ് സ്പോർട്സ്മാൻ സ്പിരിറ്റ്. എതിരാളിയെ ബഹുമാനിക്കുകയും അംഗീകരിക്കുകയും അവരുടെ വിജയത്തിൽ സന്തോഷിക്കുന്നവരുമാണ് യഥാർഥ സ്പോർട്സ്മാൻ സ്പിരിറ്റിനെ ഉൾക്കൊള്ളുന്നവർ.**

ജയപരാജയങ്ങൾ ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്ന് പൊതുവേ പറയാറുണ്ട്. ഒരുദിവസം തോറ്റവർ മറ്റൊരു ദിവസം ജയിക്കുന്നു. ഇത് നേർവിപരീതമായും നടക്കാം. ഒരുദിവസം തോറ്റുവെന്നു കരുതി എതിരാളികളോട് അപകീർത്തികരമായും മോശമായും പെരുമാറുന്നത് ഉചിതമല്ല. എതിരാളികളും നല്ല മനുഷ്യരാണെന്നും അവർക്കും ലക്ഷ്യങ്ങളും സ്വപ്നങ്ങളുമുണ്ടെന്ന ചിന്ത എല്ലാ മത്സരാർഥികളിലും ഉണ്ടാകണം.

എതിരാളിയെ ബഹുമാനിക്കുകയും അംഗീകരിക്കുകയും അവരുടെ വിജയത്തിൽ സന്തോഷിക്കുന്നവരുമാണ് യഥാർഥ സ്പോർട്സ്മാൻ സ്പിരിറ്റിനെ ഉൾക്കൊള്ളുന്നവർ. വിജയത്തിനായി അധ്വാനിച്ചു കളിക്കുകയും ആത്മവിശ്വാസത്തോടെ കളിക്കളത്തിൽ ഇടപെടുകയും വേണം. വിജയത്തിന് കുറുക്കുവഴികളില്ല. പകരം കഷ്ടപ്പാടിന്റെയും കഠിന പ്രയത്നത്തിന്റെയും മാർഗമാണ് വേണ്ടത്. കളികളിൽ ആസ്വാദനം കണ്ടെത്തി ആനന്ദിക്കാനും ആവേശംകൊണ്ട് ഉത്തേജിതരാകാനുമുള്ള കഴിവ് സ്പോർട്സ്മാൻ സ്പിരിറ്റിനെ വേറിട്ട് നിർത്തുന്നു. അങ്ങനെ ഒരു വിഷയത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഇഴുകിച്ചേരുവാനും ലയിക്കുവാനും കഴിയുന്നവരാണ് ജീവിതത്തിൽ ഉജ്ജ്വലവിജയം നേടുന്നവർ. കുട്ടികളെ സംബന്ധിച്ചിടത്തോളം കളിയിലും പഠനത്തിലും



ജീവിതത്തിലും ഉന്നതവിജയം കരസ്ഥമാക്കുന്നതിന് ഇത്തരം സമീപനം പുലർത്തുന്നത് ഗുണം ചെയ്യും.

പഠനകാലത്തും തുടർന്നുള്ള ജീവിതത്തിലുമെല്ലാം നാം വിവിധതരം മത്സരങ്ങളിൽ ഏർപ്പെടുന്നത് സ്വാഭാവികമാണ്. അവിടെയും എതിരാളിയും വെല്ലുവിളിയും മത്സരവുമെല്ലാമുണ്ട്. എന്നാൽ അന്തിമ വിജയത്തിനായി സ്പോർട്സ്മാൻ സ്പിരിറ്റ് എന്ന വിശേഷത അത്യാവശ്യമാണ്. മറ്റുള്ളവരെ മനസ്സിലാക്കാനും അംഗീകരിക്കാനും അവരുടെ ശക്തി – ദൗർബല്യങ്ങൾ ഉൾക്കൊള്ളാനും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കഴിവുകളും ശേഷികളും കൂടുതൽ വളർത്തുവാനും ശക്തമാക്കുവാനും കഴിയുന്നവർക്കു മാത്രമേ ജീവിതത്തിലും ഉന്നതവിജയം കാഴ്ച വയ്ക്കുവാൻ സാധിക്കുകയുള്ളൂ. എതിരാളിയെപ്പോലും അംഗീകരിക്കുന്നവർ പിന്നീട് അവരുടെ സുഹൃത്തുക്കളായി മാറുന്ന കാഴ്ചകൾ സർവസാധാരണമാണ്. നന്നായി കളിക്കുന്നവർക്കും കളി ആസ്വദിക്കുന്നവർക്കും അനിവാര്യമായി വേണ്ട ഒരു ഗുണമാണ് സ്പോർട്സ്മാൻ സ്പിരിറ്റ്. ഇവർക്കു മാത്രമേ എതിരാളിയുടെ കളി ആസ്വദിക്കുവാനും അവരുടെ ശക്തിയും ദൗർബല്യങ്ങളും കൃത്യമായി മനസ്സിലാക്കുവാനും സാധിക്കുകയുള്ളൂ. ഇത്തരം ആളുകൾക്കു മാത്രമേ എതിരാളികളെ തോൽപ്പിക്കാനുള്ള ആത്യന്തികമായ ത്വര ഉണ്ടാവുകയോ സ്വന്തം കഴിവുകളെ വളർത്തിയെടുക്കുവാനോ കഴിയുകയുള്ളൂ. ഇത്തരത്തിൽ കളിക്കാനും വിജയിക്കാനും തോൽവിയെ ഉൾക്കൊള്ളുന്നതിനും സ്പോർട്സ്മാൻ സ്പിരിറ്റ് അത്യാവശ്യമാണ്.

ഈ അടുത്തകാലത്ത് നടന്ന ടോക്കിയോ ഒളിമ്പിക്സിൽ ഹൈജമ്പ് മത്സരത്തിൽ ഒന്നാം സ്ഥാനവും സ്വർണമെഡലും പങ്കുവച്ച് സ്പോർട്സ്മാൻ സ്പിരിറ്റിന്റെ ഉദാത്ത മാതൃക സൃഷ്ടിച്ച ഖത്തറിന്റെ മുതാസ് ഈസ ബർഷിമും ഇറ്റലിയുടെ ജിയാൻമാർക്കോ തംബേരിയും ലോക കായിക വേദിയിൽ സഹവർത്തിത്വത്തിന്റെ നവീനമാതൃക തീർത്തു. വീറും വാശിയും പോരാട്ടവും എത്ര കടുത്തതാണെങ്കിലും പങ്കുവയ്ക്കലും പരസ്പരസ്നേഹവും നൽകുന്ന മധുരത്തിന് മേന്മയേറുന്നു എന്നതിന്റെ ഉദാഹരണമായി ഈ മെഡൽ പങ്കുവയ്ക്കൽ. ചരിത്രത്തിൽ ആദ്യമായി ഇന്ത്യ ലോകകപ്പ് വേദിയിൽ പാകിസ്ഥാനോട് പരാജയപ്പെട്ടെങ്കിലും മനോഹരമായ ചില നല്ല നിമിഷങ്ങൾ മത്സരശേഷം കായികപ്രേമികൾക്ക് ലഭ്യമായി. മത്സരശേഷം പാക്‌വിജയത്തിന് ചുക്കാൻ പിടിച്ച മുഹമ്മദ് റിസ്വാനെ പുഞ്ചിരിയോടെ നെഞ്ചോടു ചേർത്ത ഇന്ത്യൻ ക്യാപ്റ്റൻ വിരാട് കോലിയുടെ സ്പോർട്സ്മാൻ സ്പിരിറ്റിനെ വിശാലതയോടെ വാഴ്ത്തുകയാണ് കായികലോകം. കളിക്കളത്തിലെ ആക്രമണോത്സുകതയും തോൽവിയുടെ നിരാശയുമെല്ലാം ഒഴിവാക്കിയാണ് കോലി ഇത്തരത്തിൽ മനോഹരമായും മാതൃകാപരമായും പെരുമാറി ലോകത്തിന് മാതൃകയായത്.

ആത്യന്തികമായ വിജയം കൈവരിക്കണമെങ്കിൽ നിരന്തരം നിലയ്ക്കാത്ത, തളരാത്ത, വീറോടെയുള്ള ആത്മാർഥമായ ശ്രമം തീർച്ചയായും എല്ലാ കാര്യങ്ങളിലും വേണം. എന്നാൽ

മത്സരത്തിനിടയിലുണ്ടാകുന്ന അനാവശ്യ ടെൻഷൻ, അശ്രദ്ധ എന്നിവ പരാജയത്തെ ക്ഷണിച്ചുവരുത്തുന്നു. സന്ദർഭങ്ങളെ സമചിത്തതയോടെ നേരിട്ട് വികാരത്തിനടിമപ്പെടാതെ, കുലീനത കൈവിടാതെ പെരുമാറുന്നവരാണ് മഹാന്മാരാകുന്നത്. അവർ പരാജയത്തെയും വിജയത്തിനുള്ള ചവിട്ടുപടികളാക്കി മാറ്റുന്നതിൽ മിടുക്ക് കാട്ടുവാൻ ശ്രമിക്കും. ചില സമയത്ത് സംഭവിക്കുന്ന അശ്രദ്ധ വലിയ തിരിച്ചടിയിലേക്കും തോൽവിയിലേക്കും നയിക്കുന്നു.

കളിയിലും പഠനത്തിലും മത്സരപരീക്ഷയിലുമൊക്കെ ഈ നിയമം ബാധകമാണ്. ഏതു വലിയ പരാജയത്തിൽ നിന്നും കഠിനാധ്വാനത്തിലൂടെ കരകയറി ഉജ്ജ്വലമായ വിജയത്തിലേക്ക് കുതിക്കുവാൻ കഴിയും.

കളിയിലും ജീവിതത്തിലും വിജയിക്കുവാൻ ഏറ്റവും വേണ്ട ഗുണം മനോനിയന്ത്രണമാണ്. അലംഭാവം ഒഴിവാക്കി വിജയിക്കുമെന്ന തീവ്രമായ വിശ്വാസം ആർജിക്കുകയും നിരന്തരമായ ജാഗ്രത പുലർത്തുകയും വേണം.

ധീരമായി പരിശ്രമിച്ച് പരാജയത്തെ ഏറ്റുവാങ്ങുന്നവർക്കും മഹത്വമുണ്ട്. അധാർമികമായി വിജയിക്കുന്നവരേക്കാൾ യശസ്സ് കപടമാർഗങ്ങൾ സ്വീകരിക്കുവാൻ തയ്യാറാകാതെ തോൽക്കുന്നവർക്കുണ്ട്. കളിയിലും ജീവിതത്തിലും ഉറച്ച ധാർമികബോധവും അനിവാര്യമാണ്. തെറ്റിനെ തെറ്റായി അംഗീകരിച്ച് തോൽവിയെ പക്വതയോടെ സ്വീകരിക്കുന്നതാണ് യഥാർഥ ധാർമികബോധം.

പരാജയത്തിനുമുന്നിൽ പതറാതെ പരാജയത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ട് ഉയിർത്തെഴുന്നേൽക്കുന്നവർക്കേ യഥാർഥ വിജയം കൈവരിക്കുവാൻ സാധിക്കൂ. പരാജയം വിജയത്തിലേക്കുള്ള ഇടത്താവളമായി കാണുവാനും സാധിക്കണം. വിജയത്തിനായി കഠിനപരിശ്രമത്തോടൊപ്പം നന്നായി സ്വപ്നം കാണാനും അതിലൂടെ ആവേശഭരിതരാകുവാനും കഴിയണം.

മനുഷ്യമസ്തിഷ്കം അനന്തസാധ്യതകൾ കുടികൊള്ളുന്ന പാരാവാരമാണെന്ന ചിന്ത ഉൾക്കൊള്ളുകയും തീവ്രമായ അഭിപ്രേരണ രൂപപ്പെടുത്തുകയും ചെയ്യുന്നതിലൂടെ വിജയത്തിലേക്കുള്ള കടമ്പ കൂടുതൽ ലളിതമാകുന്നു.





# പുലരിയെത്തുമ്പോൾ

**വിശ്വനാഥൻ വടയം**

ചെങ്കതിരിൻ ശോഭയുമായ്
പുലരിയെത്തി പാരിൽ.
കൂടുകളിൽ നിന്നുണർന്നൂ
കോഴി കൂവി നീളേ.
കാക്കകൾ കരഞ്ഞുപിന്നേ
കിളികുലങ്ങൾ പാടി.
വീടുകളുണർന്നു മെല്ലേ
പണികളിൽ മുഴുകി.

ആലകളിൽ പൈക്കിടാങ്ങൾ
പാലിനായിക്കേണു.
വയലുകളിൽ പണിയെടുക്കാൻ
കർഷകരിറങ്ങി.
വെയിലു മൂത്തുമൂത്തുവന്നു
വേർപ്പിലാണ്ടു ലോകർ.



വര:എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# ആദ്യാക്ഷരം

റസിയ

കുഞ്ഞുമോൻ രാവിലെ തന്നെ അക്ഷരം പഠിക്കാൻ ഇരുന്നു.

''അമ്മേ... അമ്മേ ഇത് ഏതാണ് അക്ഷരം?'' അവൻ കലപില കൂട്ടിത്തുടങ്ങി.

''അ... അമ്മ'' അമ്മ ചിരിച്ചുകൊണ്ട് പൂമുഖത്തിരിക്കുന്ന അച്ഛന്റെ നേരേ കണ്ണൊന്ന് പായിച്ചു.

''അ... അച്ഛൻ എന്ന് വായിച്ചൂടേ അമ്മേ?''

കുഞ്ഞുമോൻ വീണ്ടും സംശയത്തിൽ തന്നെ.

മോനെ പിടിച്ച് മടിയിൽ ഇരുത്തിക്കൊണ്ട് അമ്മ പറഞ്ഞു. ''മോനേ, എല്ലാ അക്ഷരങ്ങൾക്കും തുല്യ പ്രാധാന്യം ഉണ്ട്. ഒരക്ഷരം വിട്ടുപോയാലും ഒന്നിന്റെ സ്ഥാനം തെറ്റിയാലും വാക്യങ്ങൾക്ക് ഉദ്ദേശിച്ച ഭംഗിയും അർഥവും ഉണ്ടാകില്ല. എല്ലാ അക്ഷരങ്ങൾക്കും വാക്യങ്ങളിൽ നിയതമായ സ്ഥാനങ്ങൾ ഉണ്ട്. പകരം വയ്ക്കാൻ പറ്റുന്ന അക്ഷരങ്ങൾ ഒന്നും തന്നെ വാക്യങ്ങളിൽ ഇല്ല.''

''അപ്പോൾ അക്ഷരം തെറ്റിയാൽ അർഥം ഉണ്ടാവില്ലേ അമ്മേ?'' കുഞ്ഞുമോന് കൗതുകമായി.

''അക്ഷരം തെറ്റിയാൽ അർഥവും തെറ്റും കുഞ്ഞുമോനെ...'' അമ്മ കവിളിൽ തലോടിക്കൊണ്ട് പറഞ്ഞു.

''മോനേ എല്ലാ അക്ഷരങ്ങൾക്കും തുല്യ പ്രാധാന്യം ഉള്ളതു പോലെയാണ് മനുഷ്യബന്ധങ്ങളും. എല്ലാ ബന്ധങ്ങൾക്കും ജീവിതത്തിൽ നിയതമായ സ്ഥാനമാനങ്ങൾ ഉണ്ട്. പകരം വയ്ക്കാൻ ജീവിതത്തിൽ ഒരു ബന്ധത്തിനും കഴിയില്ല. നഷ്ടങ്ങളെ നികത്തുവാൻ ഒരു ലാഭത്തിനും കഴിയില്ല...''

കുഞ്ഞുമോൻ തലയാട്ടിക്കൊണ്ട് പുഞ്ചിരിതൂകി.




വര: സുജിത്ത് വാസുദേവൻ

# ലോക്ഡൗൺ

**പ്രൊഫ. ബാബു കോശി**

അന്നൊരു ഞായറാഴ്ചയായിരുന്നു. ഇന്നു ടാപ്പിംഗിനു പോവേണ്ട. അപ്പു ആശ്വാസം കൊണ്ടു. വീട്ടിൽ അല്പം പണിയുണ്ട്. അതു തീർത്തിട്ടു വേണം ഉച്ച കഴിഞ്ഞ് അമ്മുവിന് തീറ്റ തേടാൻ. അമ്മു അപ്പുവിന്റെ പ്രിയങ്കരിയായ ആടാണ്. അമ്മുവിന് ഒരു കുട്ടിയുണ്ട്. അവൾ ചാടുന്നതു കാണാൻ എന്തു രസമാണെന്നോ? അമ്മുവിന് ഏറ്റവും ഇഷ്ടമുള്ള തീറ്റ ചക്കയാണ്. ആർക്കും വേണ്ടാതിരുന്ന ചക്കയുടെ ഡിമാൻഡ് കൊറോണ വന്നതിനുശേഷം വളരെ വർധിച്ചിരിക്കുന്നു. ചക്ക പ്രമേഹത്തിനു നല്ലതാണെന്നു പത്രത്തിൽ കണ്ടുപോലും. അമ്മുവിനു വേണ്ടി അപ്പു തന്റെ സ്കൂട്ടറിൽ എത്ര ദൂരം പോയിട്ടാണെങ്കിലും ചക്ക കൊണ്ടുവരും. ചക്കയും കൊണ്ട് അപ്പു വരുമ്പോൾ അമ്മു സ്നേഹപ്രകടനമായി ഉരുമ്മുകയും 'മേ' എന്നലക്കുകയും ചെയ്യും.


ഇന്ന് ഞായറാഴ്ചയായതുകൊണ്ട് അല്പം സമാധാനമുണ്ട്. അയൽപക്കത്തെ കയ്യെത്തും ദൂരത്തുള്ള ചക്കകളെല്ലാം ഇതിനകം അമ്മു ഭക്ഷിച്ചുകഴിഞ്ഞിരുന്നു. മൂന്നു കിലോമീറ്റർ പോയാൽ ഒരു പ്ലാവുണ്ട് എന്ന് അശോകൻ പറഞ്ഞാണ് അപ്പു അറിഞ്ഞത്. സ്കൂട്ടറുമായി ഉച്ച കഴിഞ്ഞ് മെയിൻ റോഡു വിട്ടുള്ള ഇടവഴിയിലൂടെ അപ്പു യാത്ര ചെയ്ത് പ്ലാവുള്ള വീട്ടിലെത്തി. കൊറോണയായതുകൊണ്ടാവാം വഴിയിൽ തിരക്കേ ഉണ്ടായിരുന്നില്ല. സ്കൂട്ടർ റോഡ് സൈഡിലൊതുക്കിയിട്ട് അപ്പു രണ്ടു ചക്ക പറിച്ച് സ്കൂട്ടറിൽ വച്ചു. സ്കൂട്ടർ സ്റ്റാർട്ടു ചെയ്യാൻ തുടങ്ങിയതേ അപ്പുവിനോർമയുള്ളൂ. ബലിഷ്ഠമായ ഒരു കരം അപ്പുവിൻമേൽ പതിഞ്ഞു. അപ്പു തിരിഞ്ഞുനോക്കി, ഒരു പോലീസുകാരൻ. അപ്പു ഞെട്ടിപ്പോയി.

''സാർ, ഞാനൊന്നും മോഷ്ടിച്ചിട്ടില്ല. ഈ ചക്ക ആ വീട്ടുകാരോടു ചോദിച്ചുവാങ്ങിയതാണ്.'' അപ്പു വിറച്ചുകൊണ്ടു പറഞ്ഞു.

''നീ എന്തിനാടാ ഇന്ന് സ്കൂട്ടറുമായി പുറത്തിറങ്ങിയത്? ഇന്നു സമ്പൂർണ ലോക്ഡൗണാണെന്നറിയില്ലേ?''

''സാർ, ഞാനെന്റെ ആടിനു തീറ്റ തേടിയെത്തിയതാണ്.'' അപ്പു പറഞ്ഞു.

''ഓഹോ, സഹജീവിസ്നേഹം.



വര: ടി ആർ രാജേഷ്

ഏതായാലും ചക്ക കൊണ്ടു പോയി ആടിനു കൊടുത്തിട്ട് നേരെ സ്റ്റേഷനിലേക്കു വാ. നിന്റെ പേരിൽ പകർച്ചവ്യാധി നിരോധന നിയമപ്രകാരം കേസെടുത്തിരിക്കുന്നു. വരുമ്പോൾ വണ്ടിയുടെ ബുക്കും പേപ്പറു മൊക്കെയെടുത്തോണം.''

അപ്പുവിന് തല ചുറ്റുന്നതു പോലെ തോന്നി. എങ്ങനെയോ വണ്ടി സ്റ്റാർട്ടാക്കി വീട്ടിലെത്തി. അമ്മുവിന് ചക്ക കൊടുത്തു. അധികസമയമവിടെ നിന്നില്ല. 'ഞാനിപ്പോൾ വരാം' എന്നു ഭാര്യയോടു പറഞ്ഞ് വണ്ടിയുടെ രേഖകളെല്ലാമെടുത്ത് ദൂരെയുള്ള പോലീസ്സ്റ്റേഷനിലെത്തി. ധാരാളം വണ്ടികൾ പിടിച്ചെടുത്തത് അവിടെ കിടപ്പുണ്ടായിരുന്നു. കുബേരൻമാരായ കോളേജ്കുമാരന്മാരുടേതായിരുന്നു അതിൽ കൂടുതൽ വാഹനങ്ങളും. ഓരോരുത്തരോടും പെറ്റിയെടുത്തു പിഴ വാങ്ങിക്കൊണ്ട് പോലീസ് നീങ്ങുന്നുണ്ടായിരുന്നു. അവസാനം അപ്പുവിന്റെ ഊഴമായിരുന്നു.

''സാർ, എന്നോടു ക്ഷമിക്കണം. ഞാനൊരു അത്താഴ പട്ടിണിക്കാരനാണ്.'' അപ്പു പറഞ്ഞു.

പോലീസിന്റെ കണ്ണിലും ദൈന്യഭാവം.

''എടോ, എനിക്കറിയാം, നിയമം വിട്ട് എനിക്ക് ഒന്നും ചെയ്യാൻ പറ്റില്ല. മറ്റുള്ളവർ പരാതിപ്പെട്ടാൽ എന്റെ ജോലി പോകും. താനൊരു കാര്യം ചെയ്യ്, തത്ക്കാലം ഒരു ആയിരം രൂപാ പിഴയടക്ക്.''

അപ്പു പോക്കറ്റിൽ പരതി. വൈകിട്ട് പലചരക്ക് കച്ചവടക്കാരനു കൊടുക്കാൻ വച്ചിരുന്ന ആയിരം രൂപ അതിലുണ്ടായിരുന്നു. പിഴയടച്ച ശേഷം അപ്പു പറഞ്ഞു. ''വലിയ ഉപകാരം സാറേ, ഇനി ഞാൻ പൊക്കോട്ടേ?''

''പക്ഷേ കോടതിയിൽ നിന്ന് പേപ്പറു വരുമ്പോൾ കോടതിയിലെത്തി പതിനായിരം രൂപാ കൂടി അടക്കണം. വണ്ടി ഞങ്ങൾ പിടിച്ചെടുത്തിരിക്കുന്നു. ഇവിടെയൊന്നു ഒപ്പിട്ട് തരൂ.''

അപ്പു പോലീസ് പറഞ്ഞ സ്ഥലത്ത് ഒപ്പിട്ടു കൊടുത്തു.

ദൈവമേ, ഇനി എങ്ങനെ വീടെത്തും? കൂട്ടുകാരെ വിളിക്കാമെന്നു വെച്ചാൽ ഈ പറഞ്ഞ നിയമപ്രകാരം അവരും അകത്താകും. അമ്മുവിനോടുള്ള സ്നേഹമോർത്തപ്പോൾ രണ്ടു ചക്കയുടെ വിലയായി പതിനൊന്നായിരം രൂപാ ഒട്ടും കൂടുതലല്ല എന്ന് അപ്പു തിരിച്ചറിഞ്ഞു. 'ഈ കൊറോണ വരുത്തിയ ഒരു നാശം. കണ്ണിൽ കാണാൻ പറ്റാത്ത കുഞ്ഞൻ വൈറസായി പോയി. അല്ലെങ്കിൽ ഒറ്റ കുത്തിനു നിന്റെ കഥ ഞാൻ കഴിച്ചേനേ.' അപ്പു ആത്മഗതം ചെയ്തു. വീട്ടിലേക്കുള്ള പത്തു കിലോമീറ്റർ ഒറ്റയ്ക്കു നടന്നെത്തുമ്പോൾ അപ്പു ഒരു തീരുമാനമെടുത്തു കഴിഞ്ഞിരുന്നു. ഞാനിനി ഒരിക്കലും നിയമം ലംഘിക്കുകയില്ല.

**അപ്പുവിന് തല ചുറ്റുന്നതു പോലെ തോന്നി. എങ്ങനെയോ വണ്ടി സ്റ്റാർട്ടാക്കി വീട്ടിലെത്തി. അമ്മുവിന് ചക്ക കൊടുത്തു. അധികസമയമവിടെ നിന്നില്ല. 'ഞാനിപ്പോൾ വരാം' എന്നു ഭാര്യയോടു പറഞ്ഞ് വണ്ടിയുടെ രേഖകളെല്ലാമെടുത്ത് ദൂരെയുള്ള പോലീസ്സ്റ്റേഷനിലെത്തി.**



# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...

## തളിരമ്മാവന്റെ കത്ത്

ഇളം തളിരിലേക്ക് കൂടുതൽ കൂട്ടുകാർ സൃഷ്ടികൾ അയയ്ക്കാൻ തുടങ്ങി. തളിരമ്മാവന് സന്തോഷായി. തളിര് മാസികാവരിക്കാരുടെ എണ്ണം കൂടിയിട്ടുണ്ട്. തളിര് പരീക്ഷാഫലം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ? നിങ്ങൾ നല്ല വായനക്കാരാകണം. നന്നായി വായിക്കുന്നവർ നല്ല എഴുത്തുകാരുമാകും. മാറുന്ന ലോക ക്രമത്തിൽ വായനയും എഴുത്തും സ്വപ്നങ്ങളുമൊക്കെ കൂട്ടുകാരെ ആകാശത്തേക്കുമെത്തിക്കും. എല്ലാ കൂട്ടുകാർക്കും അഭിനന്ദനങ്ങൾ.

*സ്വന്തം*
*തളിരമ്മാവൻ*

### ബുൾബുൾ പക്ഷികളും ഞാനും

*ഗായത്രി ഗോപകുമാർ, ക്ലാസ് 7, അകമല ഭാരതീയ വിദ്യാഭവൻ, വടക്കാഞ്ചേരി*

ഗായത്രിയെ ബുൾബുൾ കൂട് പരിചയപ്പെടുത്തിയത് സുഗതകുമാരി ടീച്ചറും ഹൃദയകുമാരി ടീച്ചറുമാണ്.

ബുൾബുൾ പക്ഷികൾ ഗായത്രിയുടെ വീട്ടിലും കൂടുവച്ചു. അതു ഭാഗ്യമായി. ഇനിയും കിളികളെക്കുറിച്ച് വളരെ പഠിക്കാനുണ്ട്. അന്വേഷണവും നിരീക്ഷണവും തുടരൂ.

### വിദ്യാലയമുറ്റം (കവിത)

*വൈഗ മനോജ്, 6, ജി എച്ച് എസ് കൂടല്ലൂർ, പാലക്കാട് 679554*

പുസ്തകച്ചിറകിലേറി ആകാശത്തോളം പറന്നാലൂ വൈഗേ...

### അമ്പിളിയമ്മാവൻ

*ആൻഡ്രേസ് വിക്ടർ, ക്ലാസ് 5 പ്രെസന്റേഷൻ എച്ച് എസ് എസ് ചേവായൂർ, കോഴിക്കോട്*

കവിത നന്നായി. അമ്പിളിമാമനോടൊപ്പമിരുന്ന് നമുക്ക് ഭൂമിയെ കാണാം അല്ലേ? അഭിനന്ദനങ്ങൾ.

### ചുമരിൽ ഒരു ചിത്രം വരച്ചാലോ?

*ആത്മിക പവനൻ, ക്ലാസ് 6, ഗവ എച്ച് എസ് എസ്, ബ്രണ്ണൻ, തലശ്ശേരി*

ചിത്രങ്ങൾ നന്നായി. കോവിഡ്കാലം പ്രവർത്തനകാലമാക്കിയതിൽ തളിരമ്മാവൻ സന്തോഷിക്കുന്നു.

# ബുൾ ബുൾ പക്ഷികളും ഞാനും

**ഗായത്രി ഗോപകുമാർ, ക്ലാസ് 7, അകമല ഭാരതീയ വിദ്യാഭവൻ, വടക്കാഞ്ചേരി**

ഇക്കൊല്ലം ഞങ്ങളുടെ മലയാളം പാഠപുസ്തകത്തിൽ ഒരു പാഠം ഉണ്ട്. സുഗതകുമാരി ടീച്ചറുടെ 'കിളിനോട്ടം' എന്ന കഥ. ആ പാഠത്തിൽ സുഗതകുമാരി ടീച്ചറും ചേച്ചി ഹൃദയകുമാരി ടീച്ചറും കണ്ട ബുൾ ബുൾ കൂട്, അവയുടെ മുട്ട, അച്ഛൻകിളിയും അമ്മക്കിളിയും കുട്ടികളെ പറക്കാൻ പഠിപ്പിക്കുന്നത് എന്നിവയാണ് പ്രതിപാദിക്കുന്നത്.

ഒരുദിവസം ഞാൻ എന്റെ വീടിന്റെ അപ്പ്സ്റ്റെയറിൽ ഇരുന്ന് പുസ്തകം വായിക്കുമ്പോൾ അതാ രണ്ട് ബുൾബുൾ പക്ഷികൾ. അവ പുറത്തെ ട്യൂബ്ലൈറ്റിന്റെ മുകളിൽ കൂട് ഉണ്ടാക്കുവാൻ ശ്രമിക്കുകയാണ്. അതുകണ്ടപ്പോൾ സുഗതകുമാരി ടീച്ചറുടെ കഥയാണ് എനിക്ക് ഓർമ വന്നത്.

എല്ലാദിവസവും ഞാൻ മുകളിൽ പോയി ആ പക്ഷികളുടെ നീക്കങ്ങൾ ശ്രദ്ധിച്ചുകൊണ്ടേയിരുന്നു. പക്ഷികളുടെ കഠിനമായ പരിശ്രമത്താൽ കൂടിന്റെ പണി പൂർത്തിയായി. കുറച്ചുദിവസങ്ങൾക്കുശേഷം ആ കൂടിലേക്ക് എത്തിനോക്കിയപ്പോൾ അതാ അതിൽ രണ്ടു കുഞ്ഞുമുട്ടകൾ ഇരിക്കുന്നു. എനിക്ക് സന്തോഷം കൊണ്ട് തുള്ളിച്ചാടാൻ തോന്നി. അവ മാറി മാറി അടയിരിക്കുന്നത് ഞാൻ നോക്കിനിന്നു. കുറച്ചു ദിവസങ്ങൾക്കുശേഷം കൂട്ടിൽനിന്നും കുഞ്ഞുക്കിളികളുടെ ശബ്ദം കേട്ടപ്പോൾ എന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. അമ്മക്കിളി തീറ്റയും കൊണ്ടുവരുമ്പോൾ വാ പൊളിച്ചു കരയുന്ന കുഞ്ഞുക്കിളികളും വായിലേക്ക് ഭക്ഷണം വച്ചുകൊടുക്കുന്ന അമ്മക്കിളിയേയും കണ്ടുകൊണ്ടിരിക്കാൻ എനിക്ക് ഭയങ്കര ഇഷ്ടമാണ്. ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഞാൻ അതിമനോഹരമായ ഒരു കാഴ്ച കണ്ടു. കുഞ്ഞുക്കിളികളെ അച്ഛൻകിളിയും അമ്മക്കിളിയും പറക്കാൻ പഠിപ്പിക്കുന്നു. കുഞ്ഞിക്കിളികളുടെ നീണ്ട പരിശ്രമത്തിനൊടുവിൽ അവർ വിജയം കൈവരിച്ചു. അവർ ഇപ്പോൾ നന്നായി പറക്കുന്നുണ്ട്. ഇന്ന് സ്കൂൾ വിട്ട് വന്ന ഉടനെ കിളിക്കൂടിനടുത്തേക്ക് ഞാൻ ഓടിച്ചെന്നു. പക്ഷേ അവിടെ കിളികളെയും കുഞ്ഞുങ്ങളെയും എനിക്കു കാണാൻ കഴിഞ്ഞില്ല. അവർ വേറേ സുരക്ഷിതമായ കൂട്ടിലേക്ക് താമസമാക്കിയിരുന്നു. ഒഴിഞ്ഞ കൂടിലേക്കു നോക്കി ഞാൻ സങ്കടത്തോടെ നിന്നു. അപ്പോൾ അമ്മ പറഞ്ഞു: ''വിഷമിക്കേണ്ട, അടുത്തപ്രാവശ്യം മുട്ടയിടാൻ സമയമാകുമ്പോൾ അവർ ഇവിടത്തന്നെ വരും. കളിക്കാൻ കൂട്ടുകാർ ആരും ഇല്ലാത്ത എനിക്ക് നേരം പോക്കും സന്തോഷവും നൽകിയ ആ പക്ഷികൾ വീണ്ടും വന്ന് ഇവിടെത്തന്നെ കൂടുവയ്ക്കുമെന്ന പ്രതീക്ഷയിൽ ഞാൻ കാത്തിരിക്കുന്നു.



വര: ഗോപു പട്ടിത്തറ

# ഞങ്ങൾ പകർത്തിയത്

ഫോട്ടോ : രഹാനാ സാജു,
ക്ലാസ്സ് 6,
യു പി എസ് മങ്കരം,
പന്തളം







# അമ്പിളിയമ്മാവൻ

ആൻ ഗ്രേസ് വികൂർ, ക്ലാസ് 5 ,
പ്രെസന്റേഷൻ എച്ച് എസ് എസ്,
ചേവായൂർ, കോഴിക്കോട്.

മാനത്തുകാണും അമ്പിളിമാമാ
താഴേക്കിറങ്ങാൻ പടികൾ വേണോ?
അമ്പിളിമാമാ... അമ്പിളിമാമാ...
എന്നെയും കൂടി നീ കൂട്ടിടുമോ?
പേടിയില്ലേ നിനക്കൊറ്റക്കിരിക്കുവാൻ
കൂട്ടിനിരിക്കാൻ ഞാൻ വരട്ടെ
പാട്ടുകൾ പാടി കഥകളും ചൊല്ലി
ആനന്ദിച്ചൊന്നിച്ചിരുന്നീടാം.
ആകൃതി മാറ്റും വിധമൊന്നു ചൊല്ലിയാൽ
പാലും പഴവും തരാമല്ലോ...
ഞാനില്ലായെങ്കിലും കൂട്ടുകൂടാനായി
മിന്നിത്തിളങ്ങും താരമില്ലേ?
ഒരുദിനമെങ്കിലും മാമനോടൊപ്പമി-
ഭൂമിയെ ദർശിപ്പാൻ മോഹമുണ്ട്!!



വര: ഗോപു പട്ടിത്തറ

# ചുമരിൽ ഒരു ചിത്രം വരച്ചാലോ...

**ആത്മിക പവനൻ, ക്ലാസ് 6, ഗവ. എച്ച് എസ് എസ്,
ബ്രണ്ണൻ, തലശ്ശേരി**

ലോക്ഡൗൺ ദിവസങ്ങൾ എനിക്ക് ആദ്യം അത്ര രസകരമായിരുന്നില്ല. കൂട്ടുകാരോടൊത്ത് കളിക്കാനോ പുറത്തിറങ്ങാനോ കഴിയാത്ത ദിവസങ്ങൾ. ധാരാളം പുസ്തകങ്ങളൊക്കെ വായിച്ചു. അങ്ങനെ കുറേ അറിവുകൾ കിട്ടി. എങ്കിലും എനിക്ക് എന്തൊക്കെയോ ചെയ്യണമെന്ന് ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ എന്റെ മനസ്സിലൊരു ആശയം ഉദിച്ചു. 'ചുമരിൽ ഒരു ചിത്രം വരച്ചാലോ' എന്ന്. എന്നാൽ ചുമര് വൃത്തികേടായാലോ എന്ന പേടി അതിൽനിന്നും എന്നെ അകറ്റി. എന്നും നാം ഒരു കാര്യം ചെയ്യണമെന്ന് കരുതി അത് ചെയ്യാതിരുന്നാൽ, പിന്നീടൊരിക്കൽ അത് ചെയ്യണം എന്ന് കരുതിയാൽ അതിന് കഴിയണമെന്നില്ല. അങ്ങനെ ഒടുവിൽ ഞാൻ ഒരു ഉറച്ച തീരുമാനത്തിലെത്തി. എന്തായാലും വരയ്ക്കണമെന്ന്. അങ്ങനെ ഒടുവിൽ ഞാൻ വരയ്ക്കാനാരംഭിച്ചു. ആദ്യം തന്നെ ഒരു കൊച്ചുമരക്കൊമ്പായി. ഞാൻ ചുമരിൽ വരച്ച ആദ്യത്തെ ചിത്രം. അത് ഞാൻ വിചാരിച്ചതിനേക്കാൾ മനോഹരമായിരുന്നു. അതോടെ എന്റെ ആവേശം ഒന്നു കൂടി. എല്ലാവരും നല്ല അഭിപ്രായങ്ങൾ പറയാൻ തുടങ്ങി. അതോടെ എന്റെ ആവേശം ഒന്നുകൂടിയൊന്നു കൂടി. പിന്നീട് അരയാലിനു ചുവട്ടിലിരിക്കുന്ന ശ്രീബുദ്ധനെയായി വര. ഒരു ചിത്രം വരയ്ക്കണമെന്നായിരുന്നു ഞാൻ കരുതിയത്. എന്നാൽ ഇത് ഒന്നല്ല രണ്ടല്ല ഒട്ടേറെ ചിത്രങ്ങൾ ഞാൻ വരച്ചു. ഒടുവിൽ എന്റെ വീട് ഒരു ചിത്രലബോറട്ടറി ആയി മാറിയെന്നു പറയാം. അങ്ങനെ എന്റെ ലോക്ഡൗൺ ഏറെ രസകരമായി. എന്റെ കോവിഡ്കാലം ഒടുവിൽ പ്രവർത്തനകാലമായി മാറി.





# വിദ്യാലയമുറ്റം

**വൈഗ മനോജ്, ക്ലാസ് 6 ,**
**ജി എച്ച് എസ് കൂടല്ലൂർ, പാലക്കാട്**

മുഖംമൂടിക്കെട്ടിയ നിശ്വാസങ്ങൾ.
കരതലം പൊള്ളിക്കും തണുപ്പാർന്ന തൈലങ്ങൾ.
അടുക്കുവാനാവാതെ പ്രിയസൗഹൃദങ്ങൾ.
പങ്കിടാനാവാത്ത ഉപ്പു നെല്ലിക്കകൾ.

മഹാമാരി ആളിപ്പടരുകയാണ്.
എങ്കിലും ഹൃദയത്തിൽ ചേർന്നു
നിൽപ്പാണ് കളിചിരിമേളങ്ങൾ.
അതിജീവനത്തിന്റെ പുതിയ കാലത്തിൽ
അകലം പാലിച്ചാണെങ്കിലും,

അക്ഷരപുണ്യമേ... എന്റെ വിദ്യാലയമേ...
നീ വാതിൽ തുറന്നേ നിൽക്കുക.
ആവോളം നുകരട്ടെ അറിവിന്റെ മധുരം
ആകാശത്തോളം പറക്കട്ടെ പുസ്തകച്ചിറകിൽ.



വര: ഗോപു പട്ടിത്തറ

# വര



**കൃഷ്ണമോഹൻ, ക്ലാസ് 9, ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് എച്ച് എസ് എസ്, തൃശ്ശൂർ**

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

# 2021 ലെ ബാലസാഹിത്യത്തിനുള്ള സമഗ്രസംഭാവന പുരസ്കാരം മലയത്ത് അപ്പുണ്ണിക്ക്



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2021ലെ സമഗ്രസംഭാവനയ്ക്കുള്ള സി ജി ശാന്തകുമാർ പുരസ്കാരത്തിന് പ്രശസ്ത ബാലസാഹിത്യകാരൻ മലയത്ത് അപ്പുണ്ണി അർഹനായി. 60,001 രൂപയും പ്രശസ്തിപത്രവും ഫലകവും ചേർന്നതാണ് പുരസ്കാരം. ശ്രീ. പ്രഭാവർമ്മ, ഡോ. ജോർജ് ഓണക്കൂർ, ഡോ. എസ് രാജശേഖരൻ എന്നിവരടങ്ങിയ പുരസ്കാരനിർണ്ണയസമിതിയാണ് മലയത്ത് അപ്പുണ്ണിയെ തിരഞ്ഞെടുത്തത്. മലയാള ബാലസാഹിത്യശാഖയ്ക്ക് സമഗ്രസംഭാവന നൽകുന്ന മികച്ച ബാലസാഹിത്യകാരെ ആദരിക്കാൻ 1998 മുതൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നൽകിവരുന്നതാണ് ഈ പുരസ്കാരം.

1943ൽ മലപ്പുറം ജില്ലയിൽ ജനിച്ച മലയത്ത് അപ്പുണ്ണി നിരവധി ബാലസാഹിത്യ കൃതികൾ രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ പുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തി.

*കുഞ്ഞുണ്ണിമാഷ് (1998), സുമംഗല(1999), പ്രൊഫ. എസ് ശിവദാസ്(2000), പള്ളിയറ ശ്രീധരൻ (2004), കെ തായാട്ട് (2006), സുഗതകുമാരി(2007), സിപ്പി പള്ളിപ്പുറം(2009), കെ വി രാമനാഥൻ(2011), ഡോ. കെ ശ്രീകുമാർ (2015), ശൂരനാട് രവി, ടി കെ ഡി മുഴപ്പിലങ്ങാട് (2017), പി പി കെ പൊതുവാൾ (2019)* എന്നിവർക്കാണ് ഇതുവരെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം ലഭിച്ചിട്ടുള്ളത്.

---

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിട്ടുള്ള യു ട്യൂബ് ചാനലിലേക്ക് അവതാരകരായി സ്കൂൾകുട്ടികളെ ക്ഷണിക്കുന്നു. 16 വയസ്സിൽ താഴെയുള്ള കുട്ടികളെയാണ് പരിഗണിക്കുന്നത്. കുട്ടികൾ ഏതെങ്കിലും ഒരു പുസ്തകത്തെ പരിചയപ്പെടുത്തുന്ന ഒരു മിനിറ്റിൽ കൂടാത്ത വീഡിയോ റെക്കോഡ് ചെയ്ത് 8547971483 എന്ന വാട്സ്ആപ്പ് നമ്പറിൽ അയയ്ക്കേണ്ടതാണ്. കുട്ടിയുടെ സ്കൂൾ, ക്ലാസ്, ബന്ധപ്പെടേണ്ട നമ്പർ എന്നിവ ഉൾപ്പെടുത്തി വേണം അയയ്ക്കേണ്ടത്.

*പത്രാധിപർ*

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023
RNI No. 20076/70 March 2022
Regd KL/TV (N)/399/2021-2023 Published on 28-02-2022 Vol:29, Issue:03, ₹20

